04
2025
ഫെബ്രുവരി
ചൊവ്വ
മകരം 22

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം | Thiruvananthapuram | web: www.nauticaltimesmedia.com | Volume-6, Issue No.68 Page 4, | Price: Rs. 2 | പുസ്തകം-6 ലക്കം-68 | പേജ് 4. വില 2.00 രൂപ

02 വെഞ്ഞാറമൂട്ടിൽ യുവതി തൂങ്ങി മരിച്ച നിലയിൽ

03 കടലാഴങ്ങളിലെ വിസ്മയ കാഴ്ചകൾ സമ്മാനിച്ച് സിഎംഎഫ്ആർഐ പ്രദർശനം

04 അങ്കണവാടിയിലെ ഭക്ഷണ മെനു പരിഷ്ക്കരിക്കുമെന്ന് മന്ത്രി

## ബാലരാമപുരത്ത് കൊല്ലപ്പെട്ട കുഞ്ഞിന്റെ അമ്മ അറസ്റ്റിൽ

തിരുവനന്തപുരം: ബാലരാമപുരത്ത് അമ്മാവൻ കിണറ്റിലെറിഞ്ഞു കൊലപ്പെടുത്തിയ രണ്ടര വയസുകാരി ദേവേന്ദുവിന്റെ അമ്മ ശ്രീതുവിന്റെ അറസ്റ്റ് പൊലീസ് രേഖപ്പെടുത്തി. സാമ്പത്തിക തട്ടിപ്പിനാണ് അറസ്റ്റ് ചെയ്തത്. ഇവരെ കോടതി റിമാൻഡ് ചെയ്തു.

ദേവസ്വം ബോർഡിലാണ് തനിക്ക് ജോലിയെന്ന് വിശ്വസിപ്പിച്ച്, ജോലി വാഗ്ദാനം ചെയ്ത് പലരിൽനിന്നായി ശ്രീതു ലക്ഷക്കണക്കിന് രൂപ തട്ടിയതായി പരാതി ലഭിച്ചിരുന്നു. ഇവർ ദേവസ്വം ബോർഡ് ജീവനക്കാരിയായിരുന്നില്ലെന്നും ജീവനക്കാരിയാണെന്ന് വിശ്വസിപ്പിക്കാൻ വ്യാജ രേഖ ചമച്ചതായും അന്വേഷണത്തിൽ കണ്ടെത്തിയിട്ടുണ്ട്. ശ്രീതുവിന്റെ മൂത്തമകൾ പഠിക്കുന്ന സ്കൂളിലെ പിടിഎ ഭരണസമിതി അംഗങ്ങളാണ് പ്രധാന പരാതിക്കാർ. തന്റെ 30 ലക്ഷം രൂപ ഒരു ജ്യോത്സ്യൻ തട്ടിയെടുത്തുവെന്ന ശ്രീതുവിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ ശംഖുംമുഖം ദേവീദാസൻ എന്നയാളെ പൊലീസ് കസ്റ്റഡിയിലെടുത്തിരുന്നു. എന്നാൽ തനിക്ക് പണം നൽകിയിട്ടില്ലെന്നാണ് ദേവീദാസൻ പൊലീസിനോട് പറഞ്ഞത്.

# ആഴക്കടൽ മത്സ്യബന്ധന ഗവേഷണത്തിൽ വൻ പുരോഗതി



കൊച്ചി: സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടക്കുന്ന ത്രിദിന മത്സ്യമേളയിൽ പൊതുജന ശ്രദ്ധ നേടി ഇന്ത്യയുടെ ആഴക്കടൽ മത്സ്യബന്ധന ഗവേഷണ പദ്ധതി. ഏറെ സാധ്യതകളുള്ള ആഴക്കടലിലെ മത്സ്യ വൈവിധ്യങ്ങൾ വേണ്ടവിധം പ്രയോജനപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടതാണ് സംയുക്ത ഗവേഷണ പദ്ധതി. ഇന്ത്യൻ സമുദ്രാതിർത്തിയിലെ ആഴക്കടലിൽ ഗണ്യമായ മത്സ്യസമ്പത്തുണ്ട്. എന്നാൽ, ഇവ പിടിക്കപ്പെടാതെ കിടക്കുകയാണ്. ഇരുന്നൂറ് മീറ്റർ മുതൽ ആയിരം മീറ്റർ വരെ ആഴമുള്ള ഭാഗങ്ങളിൽ കാണപ്പെടുന്ന മിസോപെലാജിക് മത്സ്യങ്ങളെ മത്സ്യത്തീറ്റ ഉൾപ്പെടെയുള്ള നിരവധി ആവശ്യങ്ങൾക്കായി ഉപയോഗപ്പെടുത്താനുള്ള ഗവേഷണവികസന ശ്രമങ്ങളാണ് സിഎംഎഫ്ആർഐയുടെ നേതൃത്വത്തിൽ നടന്നുവരുന്നത്. മെഴുക് ധാരാളമടങ്ങിയിരിക്കുന്നതിനാൽ ഇവ മനുഷ്യർക്ക് ഭക്ഷ്യയോഗ്യമല്ല. എന്നാൽ, മത്സ്യത്തീറ്റയ്ക്ക് ഇവയെ ഉപയോഗിക്കുന്നതിലൂടെ ഈ ആവശ്യങ്ങൾക്ക് തീരക്കടലുകളിലെ മത്തി പോലുള്ള വാണിജ്യമത്സ്യങ്ങളെ അമിതമായി ആശ്രയിക്കുന്നത് തടയാനാകും. തീരക്കടലുകളിലെ മീനുകളിന്മേലുള്ള അമിത സമ്മർദം ഒഴിവാക്കി സുസ്ഥിരത മെച്ചപ്പെടുത്തുകയാണ് ഈ സംയുക്ത പദ്ധതിയുടെ ലക്ഷ്യം. ഫാറ്റി ആസിഡുകളും കൊഴുപ്പുകളും കൊണ്ട് സമ്പന്നമാണ് മിസോപെലാജിക് മത്സ്യങ്ങൾ. ഇവ വ്യാവസായിക, ഔഷധ, ന്യൂട്രാസ്യൂട്ടിക്കൽ ആവശ്യങ്ങൾക്ക് ഏറെ പ്രയോജനകരമാകുമെന്നാണ് കരുതുന്നത്. ഇവയുടെ സാധ്യതകളും വെല്ലുവിളികളും വിലയിരുത്തും. സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി, ബോട്ടുടമകൾ, മത്സ്യത്തൊഴിലാളികൾ, വ്യവസായികൾ എന്നിവരടങ്ങുന്നതാണ് സംയുക്ത പദ്ധതി. ഇന്ത്യയുടെ ആഴക്കടൽ മത്സ്യസമ്പത്ത് പ്രയോജനപ്പെടുത്തുമെന്ന കേന്ദ്ര ബജറ്റ് പ്രഖ്യാപനത്തോടെ ഈ പദ്ധതിക്ക് കൂടുതൽ പ്രാധാന്യ കൈവന്നിരിക്കുന്നുവെന്ന് സിഎംഎഫ്ആർഐ ഡയറക്ടർ ഡോ ഗ്രിൻസൺ ജോർജ് പറഞ്ഞു.

## അഭിവന്ദ്യ സൂസപാക്യം പിതാവിന് ആശംസകൾ



## മെത്രാഭിഷേകത്തിന്റെ 36–ാം വാർഷികം

# കടൽ മണൽ ഖനനം അനുവദിക്കില്ല: കെ.സി. വേണുഗോപാൽ എംപി

കൊല്ലം: കടൽ മണൽ ഖനത്തിൽ നിന്ന് കേന്ദ്ര സർക്കാർ പിന്മാറണമെന്ന് എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ എംപി പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടു. ഇക്കാര്യം ആവശ്യപ്പെട്ട് നരേന്ദ്ര മോദിക്ക് എംപി കത്ത് നൽകി.

കൊല്ലം സൗത്ത്, നോർത്ത്, ആലപ്പുഴ, പൊന്നാനി, ചാവക്കാട് എന്നിവിടങ്ങളിൽ തീരക്കടൽ ഖനനം ചെയ്യുന്ന ലേല നടപടികളുമായി കേന്ദ്ര ഖനന മന്ത്രാലയം മുന്നോട്ട് പോകുകയാണ്. മത്സ്യമേഖലയേയും കടലിന്റെ ആവാസ വ്യവസ്ഥയെയും തകർക്കുന്നതാണ് കടൽ ഖനനം. മത്സ്യത്തൊഴിലാളികളുടെ ഉപജീവനത്തിനും വെല്ലുവിളി ഉയർത്തുന്നു.

തീരക്കടൽ ഖനനം ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾക്കും തീര ശോഷണത്തിനും കാരണമാകും. ജൈവ വൈവിധ്യത്തെ ഇല്ലാതാക്കുകയും പ്രകൃതിക്ഷോഭ സമയത്തെ സ്വാഭാവിക കടലാക്രമണ പ്രതിരോധത്തെ കാര്യമായി ബാധിക്കുകയും ഉയർന്ന തിരമാലകൾ തീരത്തേക്ക് അടിച്ച് കയറുകയും ചെയ്യും. വൈവിധ്യമാർന്ന സസ്യജന്തുജാലങ്ങളുടെ അനുകൂലമായ പ്രാദേശിക ആവാസവ്യവസ്ഥയുടെ നിലനില്പിന് ഖനനം ഭീഷണിയാണ്. മത്സ്യക്കയറ്റുമതിൽ ലോകത്ത് ഇന്ത്യയ്ക്ക് രണ്ടാം സ്ഥാനമാണ്.

ഇക്കാര്യം കഴിഞ്ഞ ബജറ്റിൽ ധനമന്ത്രി ചൂണ്ടിക്കാട്ടുകയും ചെയ്തു. കടൽ മണൽ ഖനനത്തിലൂടെ ആ നേട്ടം ഇല്ലാതാകുമെന്ന് അദ്ദേഹം പറഞ്ഞു.

കടലിൽ ഉപജീവനമാർഗം കണ്ടെത്തി ജീവിക്കുന്ന ലക്ഷകണക്കിന് മത്സ്യത്തൊഴിലാളി കുടുംബങ്ങളെ ബാധിക്കുന്ന വിഷയമാണിത്. കടലിന്റെ അടിത്തട്ടിൽ ഖനനം നടത്തുന്നത് മത്സ്യങ്ങളുടെ പ്രജനനത്തെ ബാധിക്കുകയും മത്സ്യസമ്പത്ത് കുറയുന്നതിന് കാരണമാകുകയും ചെയ്യും. ഖനന മന്ത്രാലയം കടൽത്തീരത്ത് മണൽ ഖനനത്തിന് ടെൻഡർ ക്ഷണിച്ച് അതിവേഗ നടപടി ആരംഭിച്ചത് മത്സ്യത്തൊഴിലാളി സമൂഹങ്ങൾക്ക് കാര്യമായ ആശങ്ക സൃഷ്ടിച്ചിട്ടുണ്ട്. കടൽ ഖനനത്തിനെതിരെ 27 ന് മത്സ്യത്തൊഴിലാളി സംയുക്ത സമിതി തീരദേശ ഹർത്താലിന് ആഹ്വാനം ചെയ്തിരിക്കുകയാണ്.

പാരിസ്ഥിതികവും സാമൂഹികവുമായ പ്രത്യാഘാതങ്ങൾ പഠിക്കാതെയുള്ള ഒരു നടപടിയും അനുവദിക്കില്ല. കടലിന്റെ ആവാസ വ്യവസ്ഥയ്ക്കും മത്സ്യസമ്പത്തിനും മത്സ്യത്തൊഴിലാളികളുടെ ഉപജീവന മാർഗത്തിനും ഭീഷണിയായ കടൽ മണൽ ഖനനത്തിൽ നിന്ന് കേന്ദ്ര സർക്കാർ അടിയന്തരമായി പിൻമാറണമെന്ന് പ്രധാന മന്ത്രിക്ക് അയച്ച കത്തിൽ ആവശ്യപ്പെട്ടു.

## മുനമ്പം ഭൂമി പ്രശ്നം: ഹൈക്കോടതി ഉത്തരവ് കാത്ത് കമ്മീഷൻ

കൊച്ചി: മുനമ്പത്തെ ഭൂമിത്തർക്ക വിഷയത്തിൽ അന്വേഷണത്തിനായി സംസ്ഥാന സർക്കാർ നിയമിച്ച സി. എൻ. രാമചന്ദ്രൻനായർ കമ്മീഷന്റെ തുടർപ്രവർത്തനങ്ങൾ അനിശ്ചിതത്വത്തിൽ. കമ്മീഷന്റെ നിയമസാധുത ചോദ്യം ചെയ്തു ഹൈക്കോടതിയിലെത്തിയ കേസും ഇതിൽ സർക്കാരെടുത്ത നിലപാടുമാണ് പ്രതിസന്ധിയായത്. ഇതോടെ തുടർപ്രവർത്തനങ്ങൾക്ക് ഹൈക്കോടതിയുടെ അന്തിമ തീരുമാനത്തിനായി കാത്തിരിക്കുകയാണു കമ്മീഷൻ.

കമ്മീഷന് ജുഡീഷൽ, അർധ ജുഡീഷൽ അധികാരങ്ങളില്ലെന്നാണ് സർക്കാർ ഹൈക്കോടതിയിൽ വ്യക്തമാക്കിയത്. വസ്തുതാ അന്വേഷണമാണു കമ്മീഷൻ നടത്തുന്നതെന്നും ഉടമസ്ഥാവകാശ തർക്കത്തിൽ തീരുമാനമെടുക്കാനോ ശിപാർശകൾ സ്വമേധയാ നടപ്പാക്കാനോ അധികാരമില്ലെന്നും സർക്കാർ നിലപാടെടുത്തു. മുനമ്പം കമ്മീഷന്റെ നിയമനം ചോദ്യം ചെയ്തു ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജിയിൽ, മുനന്പത്തെ താമസക്കാരനും ഭൂസംരക്ഷണസമിതി നേതാവുമായ ജോസഫ് റോക്കിയും കക്ഷി ചേർന്നിട്ടുണ്ട്. കേസിൽ ഹൈക്കോടതിയുടെ ഉത്തരവ് നാളെ ഉണ്ടാകുമെന്നാണു പ്രതീക്ഷ. ഹൈക്കോടതിയുടെ തീരുമാനം വന്നതിനുശേഷമാകും തുടർപ്രവർത്തനങ്ങളെന്ന് കമ്മീഷൻ ഓഫീസ് അധികൃതർ അറിയിച്ചു.

# കോട്ടയത്ത് പൊലീസ് ഉദ്യോഗസ്ഥൻ മർദനമേറ്റ് മരിച്ചു





കോട്ടയം: കോട്ടയം ഏറ്റുമാനൂരിലെ തട്ടുകടയിലുണ്ടായ സംഘർഷത്തിൽ പൊലീസുദ്യോ?ഗസ്ഥൻ മർദനമേറ്റ് മരിച്ചു. കോട്ടയം വെസ്റ്റ് പൊലീസ് സ്റ്റേഷനിലെ ഡ്രൈവറായ സിപിഒ ശ്യാം പ്രസാദ് (44) ആണ് ആണ് മരിച്ചത്. സംഭവത്തിൽ പെരുമ്പായിക്കാട് സ്വദേശി ജിബിൻ ജോർജിനെ (27) പൊലീസ് കസ്റ്റഡിയിലെടുത്തു. മറ്റൊരാൾ ഓടി രക്ഷപ്പെട്ടു.

തിങ്കളാഴ്ച പുലർച്ചെ രണ്ടുമണിയോടെ തെള്ളകം എക്സ്കാലിബർ ബാറിന് സമീപത്തെ തട്ടുകടയിൽ ആയിരുന്നു സംഭവം. നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയായ ജിബിൻ തട്ടു കടയിൽ സംഘർഷം സൃഷ്ടിച്ചു. അതേ സമയത്താണ് പൊലീസ് ഉദ്യോഗസ്ഥനായ ശ്യാം കടയിൽ എത്തിയത്. ശ്യാം പൊലീസ് ആണെന്ന് മനസിലാക്കിയ പ്രതി ശ്യമിനെതെരെ തട്ടിക്കയറുകയായിരുന്നു. ഇരുവരും തമ്മിലുണ്ടായ സംഘർഷത്തിൽ നിലത്ത് വീണ ശ്യാമിനെ പ്രതി ചവിട്ടുകയും അതി ക്രൂരമായി മർധിക്കുകയും ചെയ്തു.

സംഭവം നടക്കുമ്പോൾ തന്നെ രാത്രി പെട്രോളിങിനുള്ള പൊലീസ് സംഘം സ്ഥലത്ത് എത്തി. രാത്രി പൊലീസ് വാഹനം കണ്ട ഉടൻ തന്നെ പ്രതി സംഭവ സ്ഥലത്ത് നിന്നും ഓടി രക്ഷപെടാൻ ശ്രമിച്ചു. പൊലീസ് സംഘം പ്രതിയുടെ പിന്നാലെ ഓടി പ്രതിയെ പിടികൂടി. ഇതിന് ശേഷം പോലീസ് സംഘം സ്ഥലത്ത് എത്തിയപ്പോഴേയ്ക്കും ശ്വാം ജീപ്പിനുള്ളിൽ കുഴഞ്ഞു വീഴുകയായിരുന്നു. ഉടൻ തന്നെ കാരിത്താസ് ആശുപത്രിയിൽ എത്തിച്ചെങ്കിലും പുലർച്ചെ നാലോടെ മരണം സംഭവിച്ചു. കോട്ടയം വെസ്റ്റ് പോലീസ് സ്റ്റേഷനിലെ ഡ്യൂട്ടിക്ക് ശേഷം വീട്ടിലേക്ക് മടങ്ങുകയായിരുന്നു ശ്യാമപ്രസാദ്. ഭാര്യയും മൂന്ന് കുട്ടികളും ഉണ്ട്. മൃതദേഹം കോട്ടയം കാരിത്താസ് ആശുപത്രി മോർച്ചറിയിൽ. കോട്ടയം ജില്ലാ പൊലീസ് മേധാവി ഷാഹുൽ ഹമീദ് അടക്കം ഉള്ള ഉദ്യോഗസ്ഥർ കാരിത്താസ് ആശുപത്രിയിലും പൊലീസ് സ്റ്റേഷനിലും എത്തി.






ആരോഗ്യ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ആരോഗ്യം ആനന്ദം - അകറ്റാം അർബുദം എന്ന പേരിൽ സംഘടിപ്പിക്കുന്ന ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിനെക്കുറിച്ച് മന്ത്രി വീണാ ജോർജ് പത്ര സമ്മേളനത്തിൽ വിശദീകരിക്കുന്നു.

# കാൻസറിനെതിരെ കേരളം ഒറ്റക്കെട്ടായി അണിചേരണം: മന്ത്രി വീണാ ജോർജ്

### ഒരു വർഷം നീണ്ടുനിൽക്കുന്ന ക്യാമ്പയിൻ: ആരോഗ്യം ആനന്ദം–അകറ്റാം അർബുദം സംസ്ഥാനതല ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിക്കും

കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി സംസ്ഥാന ആരോഗ്യ വകുപ്പ് 'ആരോഗ്യം ആനന്ദം-അകറ്റാം അർബുദം'എന്ന പേരിൽ ഒരു ജനകീയ കാൻസർ പ്രതിരോധ ക്യാമ്പയിൻ ആരംഭിക്കുന്നതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. സർക്കാർ, സ്വകാര്യ, സഹകരണ മേഖലകൾ, സന്നദ്ധ പ്രവർത്തകർ, സംഘടനകൾ, പൊതുസമൂഹം തുടങ്ങി എല്ലാവരും സഹകരിച്ച് കൊണ്ടാണ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നത്. ഒരു വർഷം നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളാണ് ആരോഗ്യ വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ളത്. ക്യാമ്പയിന്റെ സംസ്ഥാന തല ഉദ്ഘാടനം ലോക കാൻസർ ദിനമായ ഫെബ്രുവരി 4ന് വൈകിട്ട് 4ന് ടാഗോർ തീയറ്ററിൽ മുഖ്യമന്ത്രി നിർവഹിക്കും.

ഒരു വർഷം നീണ്ടു നിൽക്കുന്ന ക്യാമ്പയിനിൽ ആദ്യ ഘട്ട ക്യാമ്പയിൻ സ്ത്രീകൾക്ക് വേണ്ടിയുള്ളതാണ്. ലോക കാൻസർ ദിനമായ ഫെബ്രുവരി 4 മുതൽ അന്താരാഷ്ട്ര വനിതാ ദിനമായ മാർച്ച് 8 വരെയാണ് ആദ്യഘട്ട ക്യാമ്പയിൻ. ഈ കാലയളവിൽ സ്ത്രീകളെ ബാധിക്കുന്ന സ്തനാർബുദം, ഗർഭാശയഗളാർബുദം (സെർവിക്കൽ കാൻസർ) എന്നിവയ്ക്ക് സ്ക്രീനിംഗ് നടത്തി പരിശോധനയും ചികിത്സയും ഉറപ്പാക്കുന്നു. ആഗോളതലത്തിൽ റിപ്പോർട്ട് ചെയ്യുന്ന ആകെ കാൻസറുകളിൽ രണ്ടാം സ്ഥാനത്താണ് സ്തനാർബുദം (11.5%). ഇന്ത്യയിലാകട്ടെ ആകെ കാൻസറുകളിൽ ഒന്നാമതാണ് സ്തനാർബുദം (13.5%). അതേസമയം സ്ത്രീകളിലെ കാൻസറുകൾ നേരത്തെ കണ്ടെത്താവുന്നതും ചികിത്സിച്ച് ഭേദമാക്കാവുന്നതുമാണ്. കാൻസർ പലപ്പോഴും വളരെ താമസിച്ചു മാത്രമാണ് കണ്ടെത്തുന്നത്. അതിനാൽ സങ്കീർണതകളും കൂടുതലാണ്.

നവകേരളം കർമ്മപദ്ധതി രണ്ട് ആർദ്രം മിഷന്റെ ഭാഗമായി ശൈലി ആപ്പ് വഴി ആരോഗ്യ വകുപ്പ് നടത്തിയ സ്ക്രീനിംഗിന്റെ ആദ്യഘട്ടത്തിൽ ഏകദേശം 9 ലക്ഷത്തോളം പേർക്ക് കാൻസർ രോഗ സാധ്യത ഉണ്ടെന്ന് കണ്ടെത്തിയിരുന്നു. ഈ 9 ലക്ഷം പേരിൽ 1.5 ലക്ഷം ആളുകൾ മാത്രമാണ് തുടർ പരിശോധനയ്ക്ക് സന്നദ്ധമായിരുന്നത്. ബഹുഭൂരിപക്ഷവും പരിശോധനയ്ക്ക് എത്തുന്നില്ല. ഭയം, ആശങ്ക തുടങ്ങിയ നിരവധി കാരണങ്ങളാൽ പല കാൻസർ രോഗികളും അവസാന ഘട്ടങ്ങളിലാണ് ചികിത്സയ്ക്കായി ആശുപത്രികളിൽ എത്തുന്നത്.

പല കാൻസറുകളും വളരെ നേരത്തെ കണ്ടെത്തി ചികിത്സിച്ചാൽ ഭേദമാക്കാൻ സാധിക്കും. ഇത് മുന്നിൽ കണ്ടാണ് സംസ്ഥാന ആരോഗ്യ വകുപ്പ് പൊതുജന പങ്കാളിത്തത്തോടെ കാൻസർ പ്രതിരോധത്തിനും ചികിത്സയ്ക്കുമായി ജനകീയ കാൻസർ ക്യാമ്പയിൻ ആരംഭിക്കുന്നത്.

സ്തനാർബുദം സ്വയം പരിശോധനയിലൂടെ പലപ്പോഴും കണ്ടെത്താൻ കഴിയാറില്ല. അതിനാൽ എല്ലാ സ്ത്രീകളും ആരോഗ്യ കേന്ദ്രങ്ങളിലെത്തി കാൻസർ ഇല്ലെന്ന് ഉറപ്പാക്കണം. ചെറിയ മുഴയാണെങ്കിലും പരിശോധിച്ച് കാൻസർ അല്ലെന്ന് ഉറപ്പ് വരുത്തണം. രോഗം സംശയിക്കുന്നവർ വിദഗ്ധ പരിശോധനയ്ക്കും ചികിത്സയ്ക്കും തയ്യാറാവണം. സംസ്ഥാനത്തെ 855 ആരോഗ്യ കേന്ദ്രങ്ങളിൽ കാൻസർ സ്ക്രീനിംഗിനുള്ള സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലും പ്രത്യേക സ്ക്രീനിംഗ് ഉണ്ടാകും. വിവിധ സംഘടനകളുടെ നേതൃത്വത്തിൽ കാൻസർ സ്ക്രീനിംഗ് ക്യാമ്പുകളും സംഘടിപ്പിക്കും. ഇതിന്റെ വിശദ വിവരങ്ങൾ ജില്ലാ തലത്തിലും പ്രാദേശിക തലത്തിലും അറിയിക്കുന്നതാണ്.

ബിപിഎൽ വിഭാഗക്കാർക്ക് പൂർണമായും സൗജന്യമായിട്ടായിരിക്കും പരിശോധന. എപിഎൽ വിഭാഗക്കാർക്ക് മിതമായ നിരക്കിലും പരിശോധനാ സൗകര്യം ഉണ്ടായിരിക്കും.

സ്വകാര്യ ആശുപത്രികളും ലാബുകളും സഹകരിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. നേരത്തെ കണ്ടുപിടിച്ചാൽ കാൻസർ പൂർണമായും ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കും. വ്യക്തികൾക്കും പ്രിയപ്പെട്ടവർക്കും ഉണ്ടാകുന്ന പ്രയാസങ്ങൾ കുറഞ്ഞ് കിട്ടുകയും ചെയ്യും. ഒരാൾ മറ്റൊരാളെ പരിശോധനയ്ക്കായി പ്രേരിപ്പിച്ച് എത്തിക്കണം. ഈയൊരു ക്യാമ്പയിനിൽ എല്ലാവരേയും പങ്കെടുപ്പിക്കാൻ മുഴുവൻ മാധ്യമ പ്രവർത്തകരുടേയും പൊതുജനങ്ങളുടേയും പിന്തുണയും മന്ത്രി അഭ്യർത്ഥിച്ചു.

ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. രാജൻ എൻ. ഖോബ്രഗഡെ, എൻ.സി.ഡി. സ്റ്റേറ്റ് നോഡൽ ഓഫീസർ ഡോ. ബിപിൻ ഗോപാൽ എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

# സി.എച്ച്. മുഹമ്മദ് കോയ സ്കോളർഷിപ്പ്: 10 വരെ അപേക്ഷിക്കാം

കേരള സംസ്ഥാനത്തിലെ സർക്കാർ/സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ ബിരുദം, ബിരുദാനന്തര ബിരുദം, പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥിനികൾക്ക് (മുസ്ലീം, ക്രിസ്ത്യൻ (എല്ലാ വിഭാഗക്കാർക്കും), സിഖ്, ബുദ്ധ, ജൈന, പാഴ്സി) ജനസംഖ്യാനുപാതികമായി 2024-25 സാമ്പത്തിക വർഷം നൽകുന്നതിലേയ്ക്കായി സി.എച്ച്.മുഹമ്മദ് കോയ സ്കോളർഷിപ്പ്/ഹോസ്റ്റൽ സ്റ്റൈപന്റ് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 10 വരെ നീട്ടി.കേരളത്തിൽ പഠിക്കുന്ന സ്ഥിര താമസക്കാരായ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്കാണ് സ്കോളർഷിപ്പ് നൽകുന്നത്. മെറിറ്റ് സീറ്റിൽ അഡ്മിഷൻ ലഭിച്ച സ്വാശ്രയ മെഡിക്കൽ/എൻജിനിയറിങ് കോളേജുകളിൽ പഠിക്കുന്നവർക്കും സ്കോളർഷിപ്പിന് അപേക്ഷിക്കാം. ഒരു വിദ്യാർത്ഥിനിക്ക് സ്കോളർഷിപ്പ് അല്ലെങ്കിൽ ഹോസ്റ്റൽ സ്റ്റൈപന്റ് എന്നിവയിൽ ഏതെങ്കിലും ഒന്നിന് അപേക്ഷിക്കാം.ബിരുദത്തിന് 5000 രൂപയും, ബിരുദാനന്തര ബിരുദത്തിന് 6000 രൂപയും, പ്രൊഫഷണൽ കോഴ്സിന് 7000 രൂപയും, ഹോസ്റ്റൽ സ്റ്റൈപ്പന്റ് ഇനത്തിൽ 13,000 രൂപയുമാണ് സ്കോളർഷിപ്പ് തുകയായി അനുവദിക്കുന്നത്. ആദ്യ വർഷങ്ങളിൽ അപേക്ഷിക്കാൻ കഴിയാതെ പോയവർക്കും ഇപ്പോൾ പഠിക്കുന്ന വർഷത്തേയ്ക്ക് അപേക്ഷിക്കാം.

അപേക്ഷകർ യോഗ്യതാ പരീക്ഷയിൽ 50%-ൽ കുറയാത്ത മാർക്ക് നേടിയിരിക്കണം. കോളേജ് ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും സ്ഥാപന മേധാവി അംഗീകരിച്ചിട്ടുള്ള സ്വകാര്യ ഹോസ്റ്റലുകളിൽ താമസിക്കുന്നവർക്കും ഹോസ്റ്റൽ സ്റ്റൈപ്പന്റിനായി അപേക്ഷിക്കാം. കുടുംബ വാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിലായിരിക്കും സ്കോളർഷിപ്പിനായി തെരഞ്ഞെടുക്കുന്നത്. കുടുംബ വാർഷിക വരുമാനം 8 ലക്ഷം രൂപയിൽ കവിയരുത് (ബി.പി.എൽ-കാർക്ക് മുൻഗണന). അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്ക്/ഷെഡ്യൂൾഡ് ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. www.minoritywelfare.kerala.gov.in ലെ സ്കോളർഷിപ്പ് മെന്യൂ ലിങ്ക് മുഖേനയോ ഓൺലൈനായി അപേക്ഷിക്കാം. ഓൺലൈൻ അപേക്ഷയുടെ ഫീൽഡുകൾ പൂർണമായി പൂരിപ്പിച്ച് നിർദ്ദിഷ്ട രേഖകൾ upload ചെയ്ത് പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും നിശ്ചിത തീയതിക്കുള്ളിൽ സ്ഥാപനമേധാവിയ്ക്ക് സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക്: 0471 2300524, 0471-2302090, 0471-2300523.

## കെ – മാറ്റ് അപേക്ഷ ക്ഷണിച്ചു

2025 ലെ എം.ബി.എ. പ്രവേശനത്തിനുള്ള കേരള മാനേജ്മെന്റ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് (സെഷൻ-ക) ന് ഫെബ്രുവരി 10 വൈകിട്ട് 4 വരെ പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in വെബ്സൈറ്റിലൂടെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. ഫോൺ : 0471 2525300.

## അപേക്ഷ ക്ഷണിച്ചു

കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന അസാപ് കേരളയിൽ ഗ്രാജുവേറ്റ് ഇന്റേൺ തസ്തികയിൽ അപേക്ഷ ക്ഷണിച്ചു. ബിരുദധാരികൾക്ക് അപേക്ഷിക്കാം. ഫെബ്രുവരി 6 ന് വൈകുന്നേരം 5 ന് മുമ്പ് ഓൺലൈനായി അപേക്ഷ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾ www.asapkerala.gov.in/careers/ ൽ ലഭിക്കും.

## മാലിന്യം വലിച്ചെറിയുന്നതിനെതിരേ കർശന നടപടി

മാലിന്യം വലിച്ചെറിയുന്ന പ്രവണത അവസാനിപ്പിക്കാൻ അടുത്ത രണ്ടുമാസം വിപുലമായ ശ്രമം നടത്താൻ സർക്കാർ തീരുമാനിച്ചതായി മന്ത്രി പറഞ്ഞു. ബോധവൽക്കരണത്തിന് പുറമേ പരിശോധനകൾ വർധിപ്പിക്കും. നിയമലംഘനങ്ങൾക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നടപടി സ്വീകരിക്കും. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയാകും ഈ പ്രവർത്തനങ്ങൾ നടത്തുകയെന്നും മന്ത്രി അറിയിച്ചു.ബ്രഹ്മപുരം മാലിന്യ സംസ്കരണ കേന്ദ്രത്തിലെ വിവിധ പോയിന്റുകൾ സന്ദർശിച്ച് മന്ത്രി സ്ഥിതിഗതികൾ വിലയിരുത്തി. ബയോ മൈനിംഗിലൂടെ വീണ്ടെടുത്ത സ്ഥലത്ത് ഒരുക്കിയ പിച്ചിൽ ക്രിക്കറ്റ് കളിക്കുകയും സമീപസ്ഥലത്ത് വൃക്ഷത്തെ നടുകയും ചെയ്തു.

# മുൻ നഴ്സിംഗ് അസിസ്റ്റൻറിന്റെ മരണം: പോസ്റ്റ്മോർട്ടം പൂർത്തിയായി; മൃതദേഹം വീണ്ടും സംസ്കരിച്ചു

തിരുവനന്തപുരം: പാറശാലയിൽ വീടിനുള്ളിൽ മരിച്ച നിലയിൽ കണ്ടെത്തിയ മുൻ നഴ്സിംഗ് അസിസ്റ്റൻറ് സെലീനാമ്മയുടെ പോസ്റ്റ്മോർട്ടം പൂർത്തിയായി. നടപടികൾക്കു ശേഷം മൃതദേഹം വീണ്ടും സംസ്കരിച്ചു. പൊളിച്ച കല്ലറയിൽ തന്നെയാണ് മൃതദേഹം സംസ്കരിച്ചത്.

അതേസമയം ഇൻക്വസ്റ്റിൽ പ്രത്യക്ഷത്തിൽ ഒന്നും കണ്ടെത്താനായില്ലെന്ന് നെയ്യാറ്റിൻകര ഡിവൈഎസ്പി എസ്. ഷാജി മാധ്യമങ്ങളോട് പറഞ്ഞു. പോസ്റ്റ്മോർട്ടം റിപ്പോർട്ട് കിട്ടിയാൽ മാത്രമേ എന്തെങ്കിലും പറയാൻ സാധിക്കൂ. മകന്റെ പരാതിയിലാണ് അന്വേഷണം നടത്തുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ധനുവച്ചപുരം സ്വദേശിനി സെലിനാമ്മയെ ജനുവരി 17നാണ് മുറിയിലെ കട്ടിലിൽ മരിച്ച നിലയിൽ കാണപ്പെട്ടത്. ഒറ്റയ്ക്ക് താമസിച്ചിരുന്ന സെലീനാമ്മയുടെ വീട്ടിൽ സഹായിക്കാൻ എത്തുന്ന സ്ത്രീയാണ് മൃതദേഹം കാണുന്നത്. സ്വാഭാവിക മരണം എന്ന ധാരണയിൽ സമീപത്തെ പള്ളി സെമിത്തേരിയിൽ 18ന് സംസ്കാരവും നടത്തിയിരുന്നു. എന്നാൽ സെലീനാമ്മയുടെ ബാഗിൽ നിന്ന് അഞ്ച് പവന്റെ ആഭരണം നഷ്ടപ്പെട്ടെന്ന് കണ്ടെത്തിയതോടെ ബന്ധുക്കൾ മരണത്തിൽ ദുരൂഹതയുണ്ടെന്ന് ആരോപിച്ച് പാറശാല പോലീസിൽ പരാതി നൽകി. ഇതോടെയാണ് കളക്ടറുടെ അനുമതിയിൽ മൃതദേഹം പുറത്തെടുത്ത് പോസ്റ്റുമോർട്ടം നടത്തിയത്.

## ഭവന പദ്ധതിയിലേക്ക് അപേക്ഷിക്കാം

കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടെയും വിൽപ്പനക്കാരുടെയും ക്ഷേമനിധി ബോർഡിനു കീഴിൽ അംഗങ്ങളായ ഭവനരഹിതരായ ഭാഗ്യക്കുറി ഏജന്റുമാർക്കും വിൽപ്പനക്കാർക്കും ഭവന നിർമാണ പദ്ധതി നടപ്പിലാക്കുന്നു. ക്ഷേമനിധി പദ്ധതിയിൽ കഴിഞ്ഞ അഞ്ച് വർഷമായി സജീവ അംഗത്വമുള്ളവർക്ക് മാർച്ച് 31ന് നകം അപേക്ഷിക്കാം. വിശദ വിവരങ്ങൾ ജില്ലാ ഭാഗ്യക്കുറി ക്ഷേമനിധി ഓഫിസിൽ നിന്നും ലഭിക്കും.

## മൾട്ടി സ്കിൽ ഹോസ്പിറ്റാലിറ്റി എക്സിക്യൂട്ടീവ് കോഴ്സിൽ ഒഴിവ്

കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസിൽ (കിറ്റ്സ്) വനിതകൾക്കായുള്ള ഡിപ്ലോമ ഇൻ മൾട്ടി സ്കിൽ ഹോസ്പിറ്റാലിറ്റി എക്സിക്യൂട്ടീവ് കോഴ്സിൽ ഒഴിവുള്ള ഏതാനും സീറ്റുകളിലേക്ക് അപേക്ഷിക്കാം. 6 മാസം ദൈർഘ്യമുള്ള കോഴ്സിന്റെ അടിസ്ഥാന യോഗ്യത പ്ലസ്ടു. ഉയർന്ന പ്രായപരിധി 30 വയസ്. കൂടുതൽ വിവരങ്ങൾക്ക്: ഠഠഠ.സശേലൈറൗ.ീൃഴ, 0471 2329468, 2339178, 2329539, 9446329897.

## കോഷൻ ഡെപ്പോസിറ്റ്

സെന്റർ ഫോർ കണ്ടിന്യൂയിങ് എജ്യൂക്കേഷൻ കേരളയുടെ കീഴിൽ പ്രവർത്തിക്കുന്ന കേരള സ്റ്റേറ്റ് സിവിൽ സർവീസ് അക്കാഡമി മെയിൻ സെന്ററിലും കൊല്ലം, മൂവാറ്റുപുഴ, ആലുവ, പാലക്കാട്, കോഴിക്കോട്, പൊന്നാനി, കല്യാശേരി സബ് സെന്ററുകളിലും 2021 മാർച്ച് 31 വരെ പഠിച്ചിരുന്ന വിദ്യാർഥികളിൽ കോഷൻ ഡെപ്പോസിറ്റ് വാങ്ങാത്തവർ മാർച്ച് 31നകം അർഹമായ തുകയ്ക്ക് അപേക്ഷ നൽകി തിരിച്ചു വാങ്ങണം. കൂടുതൽ വിവരങ്ങൾക്ക്: 0471-2313065, 2311654.

## ഡെപ്യൂട്ടേഷൻ നിയമനം

കേരള സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റിയുടെ അനുബന്ധ സ്ഥാപനങ്ങളിൽ വിവിധ തസ്തികകളിലേക്ക് ഡെപ്യൂട്ടേഷൻ നിയമനത്തിന് വിവിധ വകുപ്പുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. സെക്ഷൻ ഓഫീസർ, ഓഫീസ് അറ്റൻഡന്റ്, സെക്രട്ടറി, ക്ലർക്ക് കം ടൈപ്പിസ്റ്റ്, ക്ലർക്ക്, ഹെഡ് ക്ലർക്ക്, ക്ലറിക്കൽ അസിസ്റ്റന്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികകളിലാണ് നിയമനം. വിശദ വിവരങ്ങൾക്ക്: www.kelsa.keralacourts.in

## അഭിമുഖം

കൊല്ലം സർക്കാർ മെഡിക്കൽ കോളജിലെ സീനിയർ റസിഡന്റ് (ജനറൽ മെഡിസിൻ) തസ്തികയിലെ ഒഴിവുകളിലേക്ക് താത്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് ഫെബ്രുവരി 5ന് രാവിലെ 11ന് അഭിമുഖം നടക്കും. വിശദവിവരങ്ങൾക്ക്: www.gmckollam.edu.in

## അപേക്ഷ ക്ഷണിച്ചു

കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (കെഎസ്ടിപി) കരാർ അടിസ്ഥാനത്തിൽ ഫിനാൻസ് മാനേജർ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. എംബിഎ/ബിരുദാനന്തര ബിരുദം/അക്കൗണ്ടിംഗ്, ഫിനാൻസ്, അനുബന്ധ മേഖലകളിൽ ബിരുദവും ഫിനാൻഷ്യൽ മാനേജ്മെന്റ്, ബഡ്ജറ്റിംഗ്, ഓഡിറ്റ് മേഖലകളിൽ പത്ത് വർഷത്തെ പ്രവൃത്തി പരിചയവുമുള്ളവർക്ക് അപേക്ഷിക്കാം. അപേക്ഷകൾ ഫെബ്രുവരി 15നു മുൻപായി പ്രോജക്റ്റ് ഡയറക്ടർ, കെഎസ്ടിപി, ടിസി/339, ശ്രീബാല ബിൽഡിംഗ്, കെസ്റ്റൺ റോഡ്, കവടിയാർ പി.ഒ, തിരുവനന്തപുരം 695003 വിലാസത്തിൽ ലഭിക്കണം. വിശദ വിവരങ്ങൾക്ക് ഫോൺ : 0471 2348958

## കിക്മയിൽ എം.ബി.എ പ്രവേശനം

സഹകരണ വകുപ്പിന് കീഴിലുള്ള സംസ്ഥാന സഹകരണ യൂണിയന്റെ നിയന്ത്രണത്തിൽ നെയ്യാർഡാമിൽ പ്രവർത്തിക്കുന്ന കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിൽ (കിക്മ) എം.ബി.എ. പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. ഫെബ്രുവരി 15 വരെ ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. കേരള സർവകലാശാലയുടേയും, എ.ഐ.സി.റ്റി.യുടേയും അംഗീകാരത്തോടെ നടത്തുന്ന ദ്വിവൽസര കോഴ്സിൽ ലോജിസ്റ്റിക്സ് , ബിസിനസ് അനലിറ്റിക്സ് , ഫിനാൻസ്, മാർക്കറ്റിംഗ്, ഹ്യൂമൻ റിസോഴ്സ്, ഓപ്പറേഷൻസ്, സിസ്റ്റംസ് എന്നിവയിൽ സ്പെഷ്യലൈസേഷന് അവസരമുണ്ട്. സഹകരണ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ ആശ്രിതർക്ക് പ്രത്യേക സ്കോളർഷിപ്പും എസ്.സി./എസ്.റ്റി/ഒ.ഇ.സി/ ഫിഷർമാൻ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് സർക്കാർ യൂണിവേഴ്സിറ്റി നിബന്ധനകൾക്ക് വിധേയമായി ഫീസ് ആനുകൂല്യവും ലഭിക്കും. അവസാന വർഷ ബിരുദ വിദ്യാർത്ഥികൾക്കും ഫെബ്രുവരിയിൽ കെ-മാറ്റ് പ്രവേശന പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർക്കും ഓൺലൈനായി അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക്: 8547618290, ww.kicma.ac.in.

## വെഞ്ഞാറമൂട്ടിൽ യുവതി തൂങ്ങി മരിച്ച നിലയിൽ; ചിലർ ശല്യപ്പെടുത്തിയിരുന്നെന്ന് കുടുംബം

തിരുവനന്തപുരം: വെഞ്ഞാറമൂട്ടിൽ യുവതിയെ വീടിനുള്ളിൽ തൂങ്ങി മരിച്ച നിലയിൽ കണ്ടെത്തി. വെഞ്ഞാറമൂട് മുക്കന്നൂർ സ്വദേശി പ്രവീണ(32) ആണ് മരിച്ചത്.

പ്രവീണയുടെ മരണത്തിൽ പോലീസിനെതിരെ ആരോപണവുമായി സഹോദരൻ പ്രവീൺ രംഗത്തെത്തിയിട്ടുണ്ട്. പ്രവീണയെ ചിലർ ശല്യപ്പെടുത്തിയിരുന്നതായി കുടുംബം പോലീസിൽ പരാതി നൽകിയിട്ടും പോലീസിന്റെ ഭാഗത്തുനിന്ന് ഒരു നടപടിയും ഉണ്ടായില്ലെന്നാണ് ആരോപണം. സഹോദരിക്കെതിരെ വ്യാജ പ്രചാരണങ്ങൾ ഉണ്ടായെന്നും ഇതിന് പിന്നിൽ ചില നാട്ടുകാരും കുടുംബക്കാരും ആണെന്നും സഹോദരൻ ആരോപിച്ചു. മാനസികമായി തളർന്ന നിലയിൽ ആയിരുന്നു സഹോദരിയെന്നും മൊബൈൽ ഫോണിൽ ഒരാൾ മോശം സന്ദേശങ്ങൾ അയച്ചുവെന്നും സഹോദരൻ പറയുന്നു.

കഴിഞ്ഞ ദിവസം ബൈക്കിൽ എത്തിയ അജ്ഞാതൻ പ്രവീണയുടെ വാഹനം ഇടിച്ചിട്ടെന്നും സഹോദരൻ ആരോപിച്ചു. അപകടത്തിൽ പ്രവീണയ്ക്ക് സാരമായി പരിക്കേറ്റെന്നും പ്രവീൺ കൂട്ടിച്ചേർത്തു.

## എം. വി. ജയരാജൻ സിപിഎം കണ്ണൂർ ജില്ലാ സെക്രട്ടറിയായി തുടരും

തളിപ്പറമ്പ്: സിപിഎം കണ്ണൂർ ജില്ലാ സെക്രട്ടറിയായി എം. വി. ജയരാജനെ വീണ്ടും തെരഞ്ഞെടുത്തു. ജയരാജൻ മൂന്നാം തവണയാണ് ജില്ലാ സെക്രട്ടറിയാകുന്നത്.

2019ൽ ലോകസഭാ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന്റെ ഭാഗമായി പി. ജയരാജൻ ഒഴിഞ്ഞപ്പോഴാണ് ജില്ലാ സെക്രട്ടറിയായത്. 2021ലെ ജില്ലാ സമ്മേളനത്തിൽ വീണ്ടും സെക്രട്ടറിയായി. എടക്കാട് മണ്ഡലത്തിൽനിന്ന് രണ്ടുതവണ എംഎൽഎയായിട്ടുണ്ട്. മുഖ്യമന്ത്രി പിണറായി വിജയന്റെ പ്രൈവറ്റ് സെക്രട്ടറിയായും പ്രവർത്തിച്ചിരുന്നു

കണ്ണൂർ ജില്ലാ സമ്മേളനം 50 അംഗ ജില്ലാ കമ്മിറ്റിയെയും തെരഞ്ഞെടുത്തു. ജില്ലാ കമ്മിറ്റിയിൽ 11 പേർ പുതുമുഖങ്ങളാണ്. ജില്ലാ സമ്മേളനത്തിന്റെ ഭാഗമായുള്ള പൊതുസമ്മേളനം വൈകുന്നേരം 5.30ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. സംസ്ഥാന സെക്രട്ടറി എം. വി. ഗോവിന്ദൻ, കേന്ദ്ര കമ്മിറ്റി അംഗങ്ങളായ പി. കെ. ശ്രീമതി, ഇ. പി. ജയരാജൻ, കെ. കെ. ശൈലജ, എളമരം കരീം തുടങ്ങിയവർ പങ്കെടുക്കും.

## എൽഇഡി ബൾബ് റിപ്പെയർ പരിശീലന പരിപാടി സംഘടിപ്പിച്ചു

കേരളത്തിന്റെ അന്തർദേശീയ ഊർജ്ജ ഉത്സവമായ ഇന്റർനാഷണൽ എനർജി ഫെസ്റ്റിവൽ ഓഫ് കേരള (ഐ.ഇ.എഫ്.കെ) 2025 ന്റെ ഭാഗമായി, എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി) കേരള 2025 ജനുവരി 29-ന് തിരുവനന്തപുരത്തെ ഇ.എം.സി കാമ്പസിൽ എൽഇഡി ബൾബ് റിപ്പെയർ പരിശീലന പരിപാടി സംഘടിപ്പിച്ചു. എൽ.ബി.എസ് കോളേജ്, പൂജപ്പുരയിലെ ഇ.എം.സി ക്ലബിന് കീഴിലുള്ള 65 വിദ്യാർത്ഥികൾക്കാണ് എനർജി മാനേജ്മെന്റ് സെന്റർ കേരളയുടെ സഹായത്തോടെ ഈ പരിശീലനം ലഭിച്ചത്. ഈ പ്രായോഗിക പരിശീലനം വിദ്യാർത്ഥികളെ എൽഇഡി ബൾബുകളുടെ തകരാറുകൾ കണ്ടെത്താനും അറ്റകുറ്റപ്പണി നടത്താനും ആവശ്യമായ സാങ്കേതിക അറിവുകൾ കൈവരിക്കാനും സഹായിച്ചു. എൻജിനിയർ സാബിർ പി. പരിശീലനത്തിന് നേതൃത്വം നൽകി.

ഇ.എം.സിയുടെ കീഴിൽ ഫെബ്രുവരി 7, 8, 9 തീയതികളിൽ സംഘടിപ്പിക്കുന്ന ഐ.ഇ.എഫ്.കെ 2025ന്റെ “ആയിരം വനിതകൾക്ക് എൽഇഡി ബൾബ് റിപ്പെയറിംഗ് പരിശീലനം” പരിപാടിക്ക് പരിശീലകരെ സജ്ജമാക്കുക എന്നതായിരുന്നു ഈ പരിപാടിയുടെ പ്രധാന ലക്ഷ്യം. ഈ പരിശീലനം വിദ്യാർത്ഥികളുടെ തൊഴിൽ പ്രാപ്യത വർധിപ്പിക്കുന്നതോടൊപ്പം, സാങ്കേതിക അറിവ് നൽകി വനിതാ ശാക്തീകരണത്തിനും സഹായകരമാകുന്നു. പരിശീലകൻ സാബിർ പി.യുടെ മാർഗ്ഗനിർദ്ദേശത്തിൽ, എൽ.ബി.എസ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി ഫോർ വിമൻ, പൂജപ്പുരയിലെ വിദ്യാർത്ഥികൾ പ്രായോഗിക സെഷനുകളിൽ സജീവമായി പങ്കെടുത്തു.

പരിപാടിയുടെ അവസാനം എൽ.ബി.എസ്.ഐ.ടി.ഡബ്ല്യു ഇ.എം.സി സ്റ്റാഫ് കോർഡിനേറ്റർ പ്രൊഫ. മുജീബ് റഹ്മാൻ, ഇ.എം.സി ക്ലബ് സെക്രട്ടറി ദേവി കൃഷ്ണ, വിദ്യാർത്ഥികളായ അഭിരാമി ആർ., ശ്രീലക്ഷ്മി വാര്യർ, ഹിമ എന്നിവർ അനുഭവങ്ങൾ പങ്കുവച്ചു. ഇ.എം.സി ട്രഷറർ ദൃശ്യ എൻ. നന്ദിപ്രസംഗം നടത്തി.

## വാക്ക് ഇൻ ഇന്റർവ്യൂ

എറണാകുളം ജനറൽ ആശുപത്രിയിൽ പ്ലംബർ തസ്തികയിലേക്ക് താൽക്കാലിക നിയമനത്തിനായി ഫെബ്രുവരി 14 രാവിലെ 10.30 ന് സൂപ്രണ്ടിന്റെ ഓഫീസിൽ വാക് ഇൻ ഇന്റർവ്യൂ നടക്കും. ഐടിഐ പ്ലംബർ യോഗ്യതയും പ്രവൃത്തിപരിചയവുമുള്ള ഉദ്യോഗാർഥികൾ യോഗ്യത തെളിയിക്കുന്ന രേഖകളുടെ അസൽ, പകർപ്പ്, ബയോഡാറ്റ എന്നിവ സഹിതം ഹാജരാകണം. കൂടുതൽ വിവരങ്ങൾക്ക്: 0484-2386000.

# ഭർത്താവിന്റെ വൃക്കവിറ്റ് കിട്ടിയ 10 ലക്ഷം രൂപയുമായി യുവതി കാമുകനൊപ്പം ഒളിച്ചോടി

കൊൽക്കത്ത: ഭർത്താവിന്റെ വൃക്കവിറ്റ് ലഭിച്ച പണവുമായി യുവതി കാമുകനൊപ്പം ഒളിച്ചോടി. പശ്ചിമ ബംഗാളിലെ ഹൗറയിലാണ് സംഭവം. ഭർത്താവിന്റെ പരാതിയിൽ പൊലീസ് നടത്തിയ അന്വേഷണത്തിൽ യുവതിയെയും കാമുകനെയും പിന്നീട് കണ്ടെത്തി.

ഹൗറയിലെ സങ്കറെയ്ൽ സ്വദേശിയായ യുവതിയാണ് ഭർത്താവിന്റെ വൃക്കവിറ്റ് കിട്ടിയ പത്തുലക്ഷം രൂപയുമായി കാമുകനൊപ്പം ഒളിച്ചോടിയത്. യുവതിയുടെ നിർബന്ധപ്രകാരമാണ് ഭർത്താവ് വൃക്ക വിൽക്കാൻ സമ്മതിച്ചതെന്നും എന്നാൽ, പണം കിട്ടിയതിന് പിന്നാലെ ഫേസ്ബുക്കിലൂടെ പരിചയപ്പെട്ട കാമുകനൊപ്പം യുവതി ഒളിച്ചോടിയെന്നുമാണ് റിപ്പോർട്ട്.

മകളുടെ പഠനത്തിനും വിവാഹാവശ്യത്തിനും പണം കണ്ടെത്താനായാണ് യുവതി ഭർത്താവിനോട് വൃക്ക വിൽക്കാൻ ആവശ്യപ്പെട്ടത്. പണം കിട്ടിയാൽ കുടുംബത്തിലെ ദാരിദ്ര്യം മാറുമെന്നും പറഞ്ഞു. യുവതിയുടെ നിർബന്ധപ്രകാരം ഭർത്താവ് വൃക്കവിൽക്കാൻ തയ്യാറായി.

മൂന്നുമാസം മുമ്പ് വൃക്ക വാങ്ങാൻ തയ്യാറായ ഒരാളെ കണ്ടെത്തി. തുടർന്ന് വൃക്ക നൽകി പണവും വാങ്ങി. വൃക്കവിറ്റ് കിട്ടിയ പണംകൊണ്ട് കുടുംബത്തിന്റെ കഷ്ടപ്പാടുകൾ മാറുമെന്നും ഭാവിയിൽ മകളുടെ വിവാഹം നല്ലരീതിയിൽ നടത്താമെന്നുമായിരുന്നു ഇദ്ദേഹത്തിന്റെ ധാരണ. എന്നാൽ, ഇതേസമയം ഭാര്യ കാമുകനൊപ്പം നാടുവിടാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയായിരുന്നു.

ഭർത്താവിന്റെ പത്തുലക്ഷം രൂപയുമായി ബരക്ക്പുർ സ്വദേശിയായ യുവാവിനൊപ്പമാണ് യുവതി ഒളിച്ചോടിയത്. പെയിന്റിങ് തൊഴിലാളിയായ ഇയാളുമായി യുവതി ഫേസ്ബുക്ക് വഴിയാണ് പരിചയത്തിലായതെന്ന് പൊലീസ് പറഞ്ഞു. ഇരുവരും ഒളിച്ചോടിയതിന് പിന്നാലെ ഭർത്താവ് പരാതിയുമായി പോലീസിനെ സമീപിച്ചിരുന്നു. തുടർന്ന് പൊലീസ് നടത്തിയ അന്വേഷണത്തിൽ ഇരുവരും ബരക്ക്പുരിലുണ്ടെന്ന് കണ്ടെത്തി. പിന്നാലെ യുവതിയുടെ ഭർത്താവും പത്തുവയസ്സുള്ള മകളും ഭർതൃമാതാപിതാക്കളും ഇവിടെയെത്തി. എന്നാൽ, യുവതി ആദ്യം വീടിന് പുറത്തിറങ്ങാനോ സംസാരിക്കാനോ തയ്യാറായില്ലെന്നാണ് റിപ്പോർട്ട്. ഭർത്താവിന് ചെയ്യാൻ കഴിയുന്നത് ചെയ്യട്ടെ എന്നായിരുന്നു യുവതിയുടെ പ്രതികരണം. വിവാഹമോചന ഹർജി ഫയൽചെയ്യുമെന്ന് യുവതി പറഞ്ഞതായും റിപ്പോർട്ടുകളിലുണ്ട്.

അവയവക്കച്ചവടം 1994 മുതൽ ഇന്ത്യയിൽ നിരോധിച്ചിട്ടുള്ളതാണ്. എന്നാൽ, ദരിദ്രസാഹചര്യത്തിൽ കഴിയുന്ന പലരും പണം വാങ്ങി അവയവം വിൽക്കുന്നത് രാജ്യത്തെ പലയിടങ്ങളിലും റിപ്പോർട്ട് ചെയ്തിട്ടുണ്ട്

# കടലാഴങ്ങളിലെ വിസ്മയ കാഴ്ചകൾ സമ്മാനിച്ച് സിഎംഎഫ്ആർഐ പ്രദർശനം

## കൗതുകമായി ഭീമൻ തിമിംഗലത്തിന്റെ അസ്ഥികൂടം

കൊച്ചി: കടലാഴങ്ങളിലെ വിസ്മയ കാഴ്ചകൾ സമ്മാനിച്ച് കേന്ദ്ര സമുദ്ര മത്സ്യ ഗവേഷണ സ്ഥാപനത്തിന്റെ (സിഎംഎഫ്ആർഐ) ഓപ്പൺ ഹൗസ് പ്രദർശനം. 78ാമത് സ്ഥാപകദിനാഘോഷങ്ങളുടെ സമാപനത്തോടനുബന്ധിച്ച് നടത്തിയ പ്രദർശനം കാണാൻ ആയിരങ്ങളാണ് എത്തിയത്. കോഴിക്കോട് തീരക്കടലിൽ ചത്ത് കരക്കടിഞ്ഞ ഒരു ഭീമൻ തിമിംഗലത്തിന്റെ അസ്ഥികൂടം പ്രദർശനത്തിൽ പ്രത്യേക ശ്രദ്ധ നേടി. തിമിംഗലങ്ങൾ കരക്കടിയുന്നത് കൂടിവരുന്ന സാഹചര്യത്തിൽ ഇത് സംബന്ധിച്ച് പൊതുജനങ്ങളെ ബോധവൽകരിക്കുന്നതിനുള്ള വേദിയായി പ്രദർശനം മാറി. സമുദ്ര സസ്തനികളുടെയും വംശനാശഭീഷണി നേരിടുന്ന മറ്റ് ജീവജാലങ്ങളുടെയും സംരക്ഷണത്തിന്റെ പ്രാധാന്യം ഗവേഷകർ വിശദീകരിച്ചു.



*സിഎംഫ്ആർഐയുടെ സ്ഥാപകിദനാഘോഷത്തിന്റെ ഭാഗമായി ഒരുക്കിയ ഓപൺ ഹൗസിൽ പ്രദർശിപ്പിച്ച തിമിംഗലത്തിന്റെ അസ്ഥികൂടം*

മുവായിരത്തോളം കടൽജീവജാലങ്ങളുടെ മാതൃകകളുടെ ശേഖരമായ സിഎംഎഫ്ആർഐയിലെ മ്യൂസിയം, വിവിധ പരീക്ഷണശാലകൾ, മറൈൻ അക്വേറിയം, ലൈബ്രറി, ഹാച്ചറികൾ, പട്ടാളപുഴു ഉപയോഗിച്ചുള്ള മാലിന്യ സംസ്കരണ യൂണിറ്റ്,

കാർഷിക സാങ്കേതിക വിജ്ഞാന കേന്ദ്രം എന്നിവ കാണാനെത്തിയവരിൽ ഭൂരിപക്ഷവും വിദ്യാർത്ഥികളായിരുന്നു.കടലിനടിയിലെ ഭാഗങ്ങൾ ഒരു കലാസൃഷ്ടിയിലൂടെ ചിത്രീകരിക്കുന്ന ഇൻസ്റ്റലേഷൻ സമുദ്രമാലിന്യത്തിന്റെ ഭീകരത തുറന്നു കാട്ടി. പ്ലാസ്റ്റിക് മാലിന്യങ്ങൾ കടലിൽ അടിഞ്ഞുകൂടുന്നത് വഴി ജീവജാലങ്ങൾക്കും ആവാസവ്യസ്ഥക്കുമുണ്ടാക്കുന്ന ഭീഷണി വരച്ചുകാട്ടുന്നതായിരുന്നു ഈ പ്രദർശനം.

സംരക്ഷണ ബോധവൽകരണം ലക്ഷ്യമിട്ട്, വംശനാശ ഭീഷണി നേരിടുന്നതും സംരക്ഷിത പട്ടികയിലുള്ളതുമായ തിമിംഗല സ്രാവ്, ചക്രവർത്തി മത്സ്യം, കടൽകുതിര തുടങ്ങി 19 കടൽജീവിവർഗങ്ങളുടെ ചിത്രം പതിച്ച സ്റ്റിക്കറുകൾ വിദ്യാർത്ഥികൾക്കിടയിൽ വിതരണം ചെയ്തു.വിവിധയിനം സ്രാവുകൾ, തിരണ്ടി, വാൾ മത്സ്യം, കല്ലൻ വറ്റ തുടങ്ങിയ മത്സ്യയിനങ്ങളും വിവിധയിനം ചെമ്മീൻ, ഞണ്ട്, കണവ, കൂന്തൽ, നീരാളി, കക്കവർഗയിനങ്ങൾ, വിലകൂടിയ മുത്തുകൾ, ശംഖുകൾ തുടങ്ങിയവ വിവിധ ലാബുകളിൽ പ്രദർശിപ്പിച്ചു. സമുദ്രസസ്തനികളുടെ സർവേക്ക് ഉപയോഗിക്കന്ന ദൂരദർശിനികൾ, സമുദ്രത്തിനടിയിൽ ഗവേഷണങ്ങൾക്കുപയോഗിക്കുന്ന ഉപകരണങ്ങൾ, കടൽപ്പായൽ കൃഷി രീതി തടുങ്ങിയവയും കാണികളുടെ ശ്രദ്ധ പിടിച്ചുപറ്റി.കൂടു മത്സ്യകൃഷി, സംയോജിത മൾട്ടി-ട്രോഫിക് അക്വാകൾച്ചർ സിസ്റ്റം, റീസർക്കുലേറ്റിംഗ് അക്വാകൾച്ചർ സിസ്റ്റം, ബയോഫ്ലോക്ക് എന്നിവയുടെ മാതൃകകളും പ്രദർശിപ്പിച്ചു. പരിപാടിയുടെ ഭാഗമായി ശാസ്ത്രജ്ഞ-വിദ്യാർത്ഥി സംഗമവും നടത്തി.

മോളിക്യുലാർ ബയോളജി, ബയോപ്രോസ്പെക്റ്റിംഗ്, സെൽ കൾച്ചർ, ഫിഷറി ബയോളജി, പരിസ്ഥിതി ഗവേഷണം, കാലാവസ്ഥാ വ്യതിയാനം, സമുദ്ര അമ്ലീകരണം തുടങ്ങിയ ലബോറട്ടറികളും പരിപാടിയിൽ പൊതുജനങ്ങൾക്കായി തുറന്നുകൊടുത്തു.

# രാജ്യത്തെ തൊഴിലില്ലായ്മ പരിഹരിക്കാൻ മോദി സർക്കാരിന് കഴിഞ്ഞില്ല: രാഹുൽ ഗാന്ധി

ന്യൂഡൽഹി: കേന്ദ്ര ബജറ്റിൽ പുതുതലമുറയ്ക്ക് പ്രചോദനം നൽകുന്ന ഒന്നുമില്ലെന്ന് പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി. രാജ്യത്തിന്റെ ഭാവി നിശ്ചയിക്കുന്നത് യുവാക്കളാണ്. തൊഴിലില്ലായ്മ പരിഹരിക്കാൻ മോദി സർക്കാരിന് കഴിഞ്ഞില്ലെന്നും അദ്ദേഹം ലോക്സഭയിൽ പറഞ്ഞു.

യുപിഎ സർക്കാരിനോ എൻഡിഎ സർക്കാരിനോ ഇക്കാര്യത്തിൽ കൃത്യമായ ഉത്തരം നൽകാനായില്ല. മെയ്ക്ക് ഇൻ ഇന്ത്യ എന്ന ആശയം മുന്നോട്ടുവച്ചിട്ടും ജിഡിപിയുടെ ഉൽപ്പാദന വിഹിതം 60 വർഷത്തെ ഏറ്റവും താഴ്ന്ന നിലയിലാണെന്നും രാഹുൽ പറഞ്ഞു.

ഉൽപാദനമേഖലയെ നേരായി നയിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടു. ചൈനയെ കൂടുതലായി ആശ്രയിക്കേണ്ടി വരുന്നു. സാങ്കേതിക വിദ്യയുടെ കാര്യത്തിൽ ചൈന ഇന്ത്യയേക്കാൾ പത്ത് വർഷം മുന്നിലാണ്. ഇന്ത്യയിൽ കടന്നുകയറാൻ ചൈനയ്ക്ക് ധൈര്യം നൽകുന്നത് അവരുടെ വ്യാവസായിക വളർച്ചയാണ്. കമ്പ്യൂട്ടർ വിപ്ലവം വന്നപ്പോൾ സോഫ്റ്റ്വെയർ ഡെവലപ്മെൻറിൽ സർക്കാർ ശ്രദ്ധകേന്ദ്രീകരിച്ചു. ഇലക്ട്രിക് മോട്ടോറുകളും ബാറ്ററികളും എഐയും ലോകത്തെ മാറ്റുകയാണ്. ഡാറ്റയെ ആശ്രയിച്ചാണ് എഐ മുന്നോട്ടു പോകുന്നത്. നമ്മുടെ ഡാറ്റകൾ സൂക്ഷിക്കുന്നത് വിദേശകമ്പനികളാണെന്നും രാഹുൽ ഗാന്ധി പറഞ്ഞു. രാജ്യത്ത് ജാതി സെൻസസ് വേണമെന്നും രാഹുൽ ആവശ്യപ്പെട്ടു. തെലുങ്കാനയിൽ തങ്ങൾ ജാതി സർവേ നടത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഏകദേശം 90 ശതമാനം ദളിതരും ഗോത്രവർഗക്കാരും പിന്നോക്കക്കാരും ന്യൂനപക്ഷങ്ങളുമാണെന്ന് കണ്ടെത്തിയെന്നും രാഹുൽ കൂട്ടിച്ചേർത്തു.അതേസമയം രാജ്യസുരക്ഷയെക്കുറിച്ച് രാഹുൽ പറയുന്നത് തെറ്റായ കാര്യങ്ങളാണെന്ന് ഭരണപക്ഷം ആരോപിച്ചു. രാഹുലിന്റെ പ്രസംഗം തടസപ്പെടുത്താൻ ഭരണപക്ഷം ശ്രമം നടത്തി.

## പ്രോജക്ട് റിസർച്ച് സയന്റിസ്റ്റ് ഒഴിവ്

തിരുവനന്തപുരം സർക്കാർ മെഡിക്കൽ കോളേജിൽ മെഡിക്കൽ ജനറ്റിക്സ് വിഭാഗത്തിനു കീഴിലെ ഐ.സി.എം.ആർ- 'നാഷണൽ രജിസ്ട്രി ഫോർ റെയർ ആൻഡ് ഇൻഹെറിറ്റഡ് ഡിസോർഡേഴ്സ് ' പ്രോജക്ടിൽ പ്രോജക്ട് അസിസ്റ്റന്റ് തസ്തികയിലേക്ക് കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി അപേക്ഷകൾ ക്ഷണിച്ചു. എം.എസ്സി ഡിഗ്രി ഇൻ ലൈഫ് സയൻസ് (ഇന്റഗ്രേറ്റഡ് പി.ജി ഡിഗ്രി ഉൾപ്പെടും) അല്ലെങ്കിൽ അംഗീകൃത എം.ബി.ബി.എസ് അല്ലെങ്കിൽ തത്തുല്യ യോഗ്യത. 56,000 രൂപയും 20 ശതമാനം എച്ച് ആർ എയും വേതനമായി ലഭിക്കും. മേൽപ്പറഞ്ഞ യോഗ്യതയുള്ളവർ ജനന തീയതി വിദ്യാഭ്യാസ യോഗ്യത, പ്രവർത്തി പരിചയം, മേൽവിലാസം എന്നിവ തെളിയിക്കുന്ന സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ സഹിതം ഫെബ്രുവരി 17ന് രാവിലെ 11 മണിക്ക് തിരുവനന്തപുരം മെഡിക്കൽ കോളേജ് പ്രിൻസിപ്പാളിന്റെ കാര്യാലയത്തിൽ നേരിട്ട് ഹാജരാകണം.

## ബജറ്റ് സമ്മേളനം ബഹളമയം; നന്ദിപ്രമേയ ചർച്ച തടസപ്പെടുത്തി പ്രതിപക്ഷ പ്രതിഷേധം

ന്യൂഡൽഹി: പാർലമെൻറിന്റെ ബജറ്റ് സമ്മേളനത്തിൽ ലോക്സഭയിലും രാജ്യസഭയിലും പ്രതിപക്ഷ പ്രതിഷേധം. കുംഭമേളയിലെ ദുരന്തം, കേന്ദ്രമന്ത്രി അമിത് ഷാ, അംബേദ്കറെ അപമാനിച്ച വിഷയം, സുരേഷ് ഗോപിയുടെ ദലിത് വിരുദ്ധ പ്രസ്താവന തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടായിരുന്നു പ്രതിഷേധം.

ലോക്സഭയിൽ രാഷ്ട്രപതിയുടെ നയപ്രഖ്യാപന പ്രസംഗത്തിനുള്ള നന്ദിപ്രമേയ ചർച്ചയ്ക്കിടെ പ്രതിപക്ഷം പ്രതിഷേധവുമായി നടുത്തളത്തിലിറങ്ങി.

രാജ്യസഭയിൽ സുരേഷ് ഗോപിയുടെ ദലിത് വിരുദ്ധ പ്രസ്താവന ചർച്ച ചെയ്യണമെന്ന സന്തോഷ് കുമാറിന്റെ ആവശ്യം അധ്യക്ഷൻ തള്ളി. വന്യമൃഗ ആക്രമണത്തിന് പരിഹാരമുണ്ടാകണമെന്ന് എ. എ റഹീം എംപി രാജ്യസഭയിൽ ആവശ്യപ്പെട്ടു.

അതേസമയം, സുരേഷ് ഗോപിയെയും ജോർജ് കുര്യനെയും കേന്ദ്രമന്ത്രി സ്ഥാനത്തുനിന്ന് നീക്കണമെന്ന് ആവശ്യപ്പെട്ട് പാർലമെൻറ് വളപ്പിൽ ഇടത് എംപിമാർ പ്രതിഷേധിച്ചു. കേരളത്തോടുള്ള കേന്ദ്ര അവഗണന അവസാനിപ്പിക്കണമെന്നും ഇടത് എംപിമാർ ആവശ്യപ്പെട്ടു.

## ടെണ്ടർ ക്ഷണിച്ചു

തിരുവനന്തപുരം മെഡിക്കൽ കോളേജ് ക്യാമ്പസ്, പാങ്ങപ്പാറ കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, പാങ്ങപ്പാറ സബ്സെന്റർ എന്നിവിടങ്ങളിൽ ക്വാർട്ടേഴ്സിനോട് ചേർന്ന് നിൽക്കുന്നവ ഒഴികെയുള്ള ഫലവൃക്ഷങ്ങളിൽ നിന്നും 2025 മാർച്ച് 17 മുതൽ 2026 മാർച്ച് 16 വരെയുള്ള ഒരു വർഷക്കാലം ആദായമെടുക്കുന്നതിലേക്കായി മത്സര സ്വഭാവമുള്ള മുദ്രവെച്ച ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ അടക്കം ചെയ്യുന്ന കവറിനു മുകളിൽ ടെണ്ടർ നമ്പർ എഴുതേണ്ടതും, വ്യകത്മായി പൂരിപ്പിച്ച് വെട്ടിത്തിരുത്തലുകൾ ഇല്ലാതെ പ്രിൻസിപ്പൽ, മെഡിക്കൽ കോളേജ്, തിരുവനന്തപുരം- 695011 വിലാസത്തിൽ അയയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക.

## കർണാടക ഇനി നക്സൽ രഹിത സംസ്ഥാനം; അവസാനത്തെ മാവോയിസ്റ്റും കീഴടങ്ങി

ബംഗളൂരു: കർണാടകയിലെ അവസാനത്തെ മാവോയിസ്റ്റായി കണക്കാക്കപ്പെടുന്ന ലക്ഷ്മി ഞായറാഴ്ച ഉഡുപ്പിയിൽ കീഴടങ്ങി. ഉഡുപ്പി ഡെപ്യൂട്ടി കമ്മീഷണർ വിദ്യ കുമാരി, എസ്പി കെ. അരുൺ എന്നിവരുടെ സാന്നിധ്യത്തിലാണ് കീഴടങ്ങിയത്.

ആന്ധ്രാപ്രദേശിൽ കീഴടങ്ങിയ മാവോയിസ്റ്റുകളായ ശ്രീപൽ, ഭർത്താവ് സലിം എന്നിവർക്കൊപ്പമാണ് ലക്ഷ്മി കീഴടങ്ങാൻ എത്തിയത്. ആന്ധ്രായിൽ ഒളിവിലായിരുന്ന മാവോയിസ്റ്റ് ലക്ഷ്മിയുടെ പേരിൽ ഉഡുപ്പിയിലെ കുണ്ടപുർ താലൂക്കിൽ അമേസ്ബൈൽ, ശങ്കരനാരായണ പോലീസ് സ്റ്റേഷനുകളിലായി മൂന്ന് കേസുകളാണുള്ളത്.

2007 മുതൽ 2008 വരെ രജിസ്റ്റർ ചെയ്ത കേസുകളിൽ പോലീസുമായുള്ള വെടിവയ്പ്, ആക്രമണം, മാവോയിസത്തിലേക്ക് ആളുകളിലേക്ക് എത്തിക്കാൻ ശ്രമിച്ചത് തുടങ്ങിയ കേസുകളാണ് ഉള്ളത്.

കീഴടങ്ങൽ പാക്കേജ് പ്രഖ്യാപിച്ചതിന് മുഖ്യമന്ത്രി സിദ്ധരാമയ്യയ്ക്ക് ലക്ഷ്മി നന്ദി അറിയിച്ചു. തനിക്കെതിരെ ചുമത്തിയിട്ടുള്ള കേസുകളിൽ നിന്നും മോചിപ്പിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ലക്ഷ്മി ജില്ലാ ഭരണകൂടത്തിന് അപേക്ഷ നൽകിയിട്ടുണ്ട്.

## എൽ.ബി.എസ്.ഐ.ടി.ഡബ്ല്യൂ. ക്ലബിന് ഒന്നാം സ്ഥാനം

ജെയിൻ (ഡീമ്ഡ് ടു ബി യൂണിവേഴ്സിറ്റി) കൊച്ചി സംഘടിപ്പിച്ച ദി സമ്മിറ്റ് ഓഫ് ദി ഫ്യൂച്ചർ, കേരള 2025 ൽ എൽ.ബി.എസ്.ഐ.ടി.ഡബ്ല്യൂ റോബോട്ടിക്സ് ക്ലബ് മികച്ച വിജയം നേടി. ഫെബ്രുവരി 1-ന് നടന്ന റോബോവാർ 8 കി.ഗ്രാം മത്സരത്തിൽ എൽ.ബി.എസ്.ഐ.ടി.ഡബ്ല്യൂ യുടെ ടീമാണ് ഒന്നാം സ്ഥാനം കരസ്ഥമാക്കിയത്. റോബോവാർ, റോബോസോക്കർ, റോബോറേസ് എന്നീ ഇനങ്ങളിൽ ആണ് ടീം പങ്കെടുത്തത്. ദേവിക സി, ആര്യ ബി നായർ, പവിത്ര കെ വി, ഗായത്രി എസ് പി, ദേവമിത്ര കെ, എച്ച് ആരുഷി എന്നിവരാണ് പങ്കെടുത്തത്. ടെറാറോബോട്ട്സിന്റെ പിന്തുണയോടെ നടന്ന മത്സരത്തിൽ കേരളത്തിലെ ഏക വനിതാ റോബോട്ടിക്സ് ടീമായിരുന്നു റോബോട്ടിക്സ് ക്ലബ്, എൽ.ബി.എസ്.ഐ.ടി.ഡബ്ല്യൂ.

## ഫലം പ്രസിദ്ധീകരിച്ചു

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് നടത്തിയ ഡി.ഫാം പാർട്ട് ക & പാർട്ട് II ഇആർ1991 (സപ്ലിമെന്ററി) ഒക്ടോബർ 2024ന്റെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾക്ക്: www.dme.kerala.gov.in

# പട്ടികവർഗ യുവജന വിനിമയപരിപാടി മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്യും

പതിനാറാമത് പട്ടികവർഗ യുവജന സാംസ്കാരിക വിനിമയ പരിപാടി ഫെബ്രുവരി 4ന് രാവിലെ 9.30ന് കൈമനത്തുള്ള റീജിയണൽ ടെലികോം ട്രെയിനിങ് സെന്ററിൽ വച്ച് റവന്യൂ വകുപ്പ് മന്ത്രി കെ. രാജൻ ഉദ്ഘാടനം ചെയ്യും.

കേന്ദ്ര ആഭ്യന്തര മന്ത്രാലയം, യുവജനകാര്യ കായിക മന്ത്രാലയം മേരാ യുവഭാരത്. നെഹ്റു യുവ കേന്ദ്ര സംഘാതൻ എന്നിവ സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്. യുവജനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി എ പി എം മുഹമ്മദ് ഹനീഷ് അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ പദ്മശ്രീ ലക്ഷ്മിക്കുട്ടിഅമ്മ മുഖ്യാതിഥിയാവും. ജില്ലാ കളക്ടർ അനുകുമാരി, എൽ.ഡബ്ല്യൂ.ഇ ഡിവിഷൻ സെക്യൂരിറ്റി അഡ്വൈസർ കേണൽ ആശിഷ് ശർമ്മ തുടങ്ങിയവർ സംസാരിക്കും.

ഒഡീഷ, ചണ്ഡീഗഡ്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ വികസനരംഗത്ത് പിന്നാക്കം നിൽക്കുന്ന പ്രദേശങ്ങളിലെ 200 യുവതി യുവാക്കളാണ് ഒരാഴ്ച നീണ്ടു നിൽക്കുന്ന പരിപാടിയിൽ പങ്കെടുക്കുന്നത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നടക്കുന്ന വികസന പ്രവർത്തനങ്ങൾ നേരിൽ കണ്ട് മനസ്സിലാക്കാനും രാഷ്ട്രനിർമ്മാണ പരിപാടികളിൽ അവരെ പങ്കാളികളാക്കിക്കൊണ്ട് മുഖ്യധാരയിലേക്ക് കൊണ്ടുവരാനും ലക്ഷ്യമിട്ടാണ് പരിപാടി സംഘടിപ്പിച്ചിരിക്കുന്നത്.

വിവിധ വിഷയങ്ങളിലെ ക്ലാസുകൾക്ക് പുറമെ സംഘാംഗങ്ങൾക്ക് കേരള നിയമസഭ, വിക്രം സാരാഭായ് സ്പേസ് സെന്റർ, ടെക്നോപാർക്ക്, സ്പോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യ എന്നിവിടങ്ങളിൽ പഠനയാത്രയും കോവളം ബീച്ച്, മ്യൂസിയം, മൃഗശാല എന്നിവ കാണാനുള്ള സൗകര്യവും ഒരുക്കിയിട്ടുണ്ട്.

ഫെബ്രുവരി 9 വരെയുള്ള പട്ടികവർഗ യുവജന വിനിമയ പരിപാടിയിൽ പട്ടികജാതി, പട്ടിക വർഗ്ഗ പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി ഒ.ആർ. കേളു, യുവജനകാര്യ വകുപ്പ് മന്ത്രി സജി ചെറിയാൻ, എം പി ഡോ. ശശി തരൂർ, മുൻ കേന്ദ്ര സഹമന്ത്രി വി. മുരളീധരൻ, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ഡോ. രേണുരാജ്, സബ് കളക്ടർ ആൽഫ്രഡ് ഓ.വി, സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ ഡയറക്ടർ വി പാർവതി തുടങ്ങിയവർ പങ്കെടുക്കും.

# എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ്: 10 വരെ അപേക്ഷിക്കാം

സർക്കാർ/എയ്ഡഡ്/ സർക്കാർ അംഗീകൃത സ്വാശ്രയ പോളിടെക്നിക്കുകളിൽ മൂന്നു വർഷ ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥിനികൾക്ക് (മുസ്ലീം, ക്രിസ്ത്യൻ (എല്ലാ വിഭാഗക്കാർക്കും), സിഖ്, ബുദ്ധ, ജൈന, പാഴ്സി) 2024-25 സാമ്പത്തിക വർഷം എ.പി.ജെ.അബ്ദുൽ കലാം സ്കോളർഷിപ്പ് നൽകുന്നതിന് അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ഫെബ്രുവരി 10 വരെ നീട്ടി.

കേരളത്തിൽ പഠിക്കുന്ന സ്ഥിര താമസക്കാരായ ന്യൂനപക്ഷ മതവിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥിനികൾക്കാണ് സ്കോളർഷിപ്പ് നൽകും. 6,000 രൂപയാണ് സ്കോളർഷിപ്പ് തുകയായി അനുവദിക്കുന്നത്. സർക്കാർ അംഗീകൃത സ്വാശ്രയ പോളിടെക്നിക്കുകളിൽ മെറിറ്റ് സീറ്റിൽ അഡ്മിഷൻ നേടിയ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. ബി.പി.എൽ വിഭാഗത്തിൽപ്പെട്ടവർക്ക് മുൻഗണന നൽകും. ബി.പി.എൽ അപേക്ഷകരുടെ അഭാവത്തിൽ ന്യൂനപക്ഷ മത വിഭാഗത്തിലെ 8 ലക്ഷം രൂപ വരെ വാർഷിക വരുമാനമുളള എ.പി.എൽ വിഭാഗത്തെയും പരിഗണിക്കും. രണ്ടാം വർഷക്കാരേയും മൂന്നാം വർഷക്കാരേയും സ്കോളർഷിപ്പിനായി പരിഗണിക്കും. ഒറ്റത്തവണ മാത്രമേ സ്കോളർഷിപ്പ് ലഭിക്കുകയുള്ളൂ. കഴിഞ്ഞ വർഷം സ്കോളർഷിപ്പിന് അപേക്ഷിച്ച് ലഭിച്ചവർ ഈ വർഷം അപേക്ഷിക്കേണ്ടതില്ല. 30% സ്കോളർഷിപ്പ് പെൺകുട്ടികൾക്കായി സംവരണം ചെയ്തിട്ടുണ്ട്. നിശ്ചിത ശതമാനം പെൺകുട്ടികൾ ഇല്ലാത്തപക്ഷം അർഹരായ ആൺകുട്ടികളേയും സ്കോളർഷിപ്പിന് പരിഗണിക്കും. അപേക്ഷകർക്ക് ഏതെങ്കിലും ദേശസാൽകൃത ബാങ്ക്/ഷെഡ്യൂൾഡ് ബാങ്കിൽ സ്വന്തം പേരിൽ അക്കൗണ്ട് ഉണ്ടായിരിക്കണം. www.minoritywelfare.kerala.gov.in ലെ സ്കോളർഷിപ്പ് മെന്യൂ ലിങ്ക് മുഖേനയോ ഓൺലൈനായി അപേക്ഷിക്കാം. ഓൺലൈൻ അപേക്ഷയുടെ ഫീൽഡുകൾ പൂർണമായി പൂരിപ്പിച്ച് നിർദ്ദിഷ്ട രേഖകൾ ഔഹീമറ ചെയ്ത് പ്രിന്റ് ഔട്ടും അനുബന്ധ രേഖകളും നിശ്ചിത തീയതിക്കുളളിൽ സ്ഥാപനമേധാവിയ്ക്ക് സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 0471 2300524, 0471-2302090, 0471-2300523.

## ടെണ്ടർ ക്ഷണിച്ചു

തിരുവനന്തപുരം ഗവൺമെന്റ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജിന്റെ ഔദ്യോഗിക ഉപയോഗത്തിനായി പുതിയ മോഡൽ എ സി കാർ വാടകയ്ക്കെടുക്കുന്നതിന് ടെണ്ടർ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക്: 0471 2459459.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.



സംസ്ഥാന ബാലാവകാശ കമ്മീഷൻ സംഘടിപ്പിക്കുന്ന ചിൽഡ്രൻസ് കോൺക്ലേവിൽ അതിഥികളായെത്തിയ കർണാടക ബാലാവകാശ കമ്മീഷൻ അംഗങ്ങൾക്ക് ചെയർപേഴ്സൺ കെ വി മനോജ് കുമാർ ഉപഹാരം സമ്മാനിക്കുന്നു

# സ്കൂൾ ലീഡർഷിപ് അക്കാദമി–കേരളയ്ക്ക് നാഷണൽ എക്സലൻസ് അവാർഡ്

പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഡ്യൂക്കേഷണൽ മാനേജ്മെന്റ് ആന്റ് ട്രെയിനിംഗ് - കേരളയിൽ (സീമാറ്റ്-കേരള) NIEPA (National Institute of Educational Planning and Administration) ധനസഹായത്തോടെ പ്രവർത്തിക്കുന്ന സ്കൂൾ ലീഡർഷിപ് അക്കാദമി - കേരളയ്ക്ക് (SLAK) 202324 ലെ പ്രവർത്തനങ്ങൾക്ക് നാഷണൽ എക്സലൻസ് അവാർഡ് ലഭിച്ചു. ലഡാക്ക് അടക്കമുള്ള വിവിധ കേന്ദ്രഭരണപ്രദേശങ്ങളിലെയും 29 സംസ്ഥാനങ്ങളിലെയും സ്കൂൾ ലീഡർഷിപ് അക്കാദമികളുടെ പ്രവർത്തനം വിലയിരുത്തിയാണ് ചകളജഅ വൈസ് ചാൻസലറും കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ പ്രതിനിധികളും അടങ്ങുന്ന ജൂറി അവാർഡ് പ്രഖ്യാപിച്ചത്.

NIEPA ഗൈഡ് ലൈൻ പ്രകാരം ടഘഅഗ തയ്യാറാക്കിയ സ്കൂൾ ലീഡർഷിപ്പിന്റെ വിവിധ തലങ്ങളുമായി ബന്ധപ്പെട്ട ഇന്ററാക്ടീവ് മൊഡ്യൂളുകളും ഡോക്യുമെന്ററികളും യുട്യൂബ് ചാനൽ വീഡിയോകളും ഉന്നതനിലവാരം പുലർത്തുന്നവയാണെന്ന് അവാർഡ് കമ്മിറ്റി വിലയിരുത്തി. വിവിധ ലക്ഷ്യവിഭാഗങ്ങൾക്കായി സീമാറ്റ്-കേരള നടപ്പിലാക്കി വരുന്ന BEYOND, ABSOLUTE, INFUSION, EVOLVE, PATH, INSPIRE തുടങ്ങിയ നേതൃത്വ പരിശീലന പരിപാടികളിലെ SLA-K ന്റെ നിർവഹണ പങ്കാളിത്തവും അവാർഡിന് പരിഗണിക്കപ്പെട്ടു. ഇവ യഥാക്രമം വിദ്യാഭ്യാസ ഓഫീസർമാർ, ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർ, ഹൈസ്കൂൾ പ്രഥമാധ്യാപകർ, എൽ.പി./യു.പി. സ്കൂൾ തലവൻമാർ, വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ കരിയർ മാസ്റ്റർമാർ, പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലെ അനധ്യാപക ജീവനക്കാർ തുടങ്ങിയ വിഭാഗങ്ങൾക്കായി ചിട്ടപ്പെടുത്തിയിട്ടുള്ള ശേഷിവികസന പ്രോഗ്രാമുകളാണ്.

സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി സീമാറ്റ്-കേരള മുന്നോട്ടുവെച്ച സഹ്യകിരണം എന്ന ആശയവും ഗോത്ര മേഖലയിലെ വിദ്യാഭ്യാസ പ്രവർത്തകർക്ക് പ്രത്യേക പരിശീലനം നൽകാൻ ആവിഷ്ക്കരിച്ചിരിക്കുന്ന ഞഅഅജ ഉം (Recalibration of Approach and Attitude Programme) അനുകരണീയ മാതൃകകളാണെന്ന് ജൂറി അഭിപ്രായപ്പെട്ടു.

സമഗ്രശിക്ഷാ കേരളയുമായി സഹകരിച്ച് സീമാറ്റ്-കേരള വിദ്യാഭ്യാസ പ്രവർത്തകർക്കായി രൂപം നൽകിയിട്ടുള്ള ഇജഎടഘ ന്റെ (Certificate Programme in Functional School Leadership) നിർവഹണത്തിൽ ടഘഅഗ നുള്ള പങ്കും അവാർഡിന് പരിഗണിക്കപ്പെട്ടു.

സീമാറ്റ്-കേരള ആവിഷ്ക്കരിച്ചിരിക്കുന്ന നൂതന പ്രവർത്തനാശയങ്ങളായ Progressive Edulead Programme (PEP), Data Based Insight (D-Sight)), National Concept Fair (NCF), National Leadership Exchange Programme (NLEP), State Constellation of Visionaries (SCV), INSTIL, ENRICH, KINDLE, SOAR, KSGF (Kerala School Grading Famework) തുടങ്ങിയവ മറ്റ് സംസ്ഥാനങ്ങളിലും ദേശീയതലത്തിലും അനുകരിക്കപ്പെടേണ്ട മാതൃകകളാണെന്നും അവാർഡ് കമ്മിറ്റി വിലയിരുത്തി.

ന്യൂഡൽഹിയിൽ സംഘടിപ്പിച്ച നാഷണൽ റിവ്യൂ ആന്റ് പ്ലാനിംഗ് വർക്ക്ഷോപ്പിൽ വെച്ചാണ് അവാർഡ് പ്രഖ്യാപിക്കപ്പെട്ടത്. സീമാറ്റ്-കേരള ഡയറക്ടർ ഡോ. ജയപ്രകാശ് ആർ.കെ. യ്ക്കു വേണ്ടി റിസർച്ച് ഓഫീസറും ടഘഅഗ ന്റെ നോഡൽ ഓഫീസറുമായ ഡോ. അനന്തകുമാർ എസ്. ചകളജഅ വൈസ് ചാൻസലർ പ്രൊഫ. ശശികല വഞ്ചാരിയിൽ നിന്ന് അവാർഡ് ഏറ്റുവാങ്ങി.

# ബാലാവകാശ കമ്മിഷന്റെ ചിൽഡ്രൻസ് കോൺക്ലേവിന് തുടക്കമായി

കേരള സംസ്ഥാന ബാലാവകാശ കമ്മിഷന്റെ ആഭിമുഖ്യത്തിൽ കുട്ടികളുടെ ആശയങ്ങളും കാഴ്ചപ്പാടുകളും പ്രകടിപ്പിക്കാൻ വേദിയൊരുക്കുക എന്ന ലക്ഷ്യത്തോടെയുള്ള ദ്വിദിന ശില്പശാലയായ ചിൽഡ്രൻസ് കോൺക്ലേവിന് തുടക്കമായി. വെള്ളയമ്പലത്തെ ട്രിവാൻഡ്രം സോഷ്യൽ സർവീസ് സൊസൈറ്റിയിൽ നടക്കുന്ന പരിപാടിയുടെ ഉദ്ഘാടനം വനിതാ ശിശു വികസന വകുപ്പ് മന്ത്രി വീണാ ജോർജ് വീഡിയോ കോൺഫറൻസിലൂടെ നിർവഹിച്ചു.

കമ്മിഷൻ ചെയർപേഴ്സൺ കെ.വി. മനോജ്കുമാർ അധ്യക്ഷത നിർവഹിച്ച ചടങ്ങിൽ കമ്മിഷൻ അംഗം കെ.കെ.ഷാജു സ്വാഗതമാശംസിച്ചു. കർണാടക ബാലാവകാശ കമ്മിഷനിലെ ശരിധർ കോസംബേ, തിപ്പസ്വാമി, വെങ്കിടേഷ് എന്നിവർ പ്രത്യേക ക്ഷണിതാക്കളായി കോൺക്ലേവിൽ പങ്കെടുത്തു. യോഗത്തിൽ കമ്മിഷൻ സെക്രട്ടറി ഷൈനി ജോർജ് നന്ദി അറിയിച്ചു.

ഓരോ ജില്ലയിലെയും ട്രൈബൽ-തീരദേശ-ഗ്രാമീണ മേഖലകളിലെ സ്കൂളുകളിൽ നിന്നും അഞ്ച് കുട്ടികൾ വീതമാണ് ശിൽപ്പശാലയിൽ പങ്കെടുക്കുന്നത്. വിദ്യാഭ്യാസ അവകാശവും ഇന്ത്യൻ ഭരണഘടനയും, ശുചിത്വവും പരിസ്ഥിതി സംരക്ഷണവും, ദുരന്ത നിവാരണവും പാഠ്യപദ്ധതിയും, ജീവിതത്തിന്റെ എ പ്ലസ്, കുട്ടികളുടെ സുരക്ഷ-സംരക്ഷണാവകാശങ്ങൾ എന്നീ വിഷയങ്ങളിൽ ഐ.എം.ജി ഡയറക്ടർ കെ.ജയകുമാർ, ഡോ. ജി.എസ്. പ്രദീപ്, കെ.കെ.സുബൈർ, ഡോ. കെ.ജി. താര എന്നിവർ കുട്ടികളുമായി സംവദിച്ചു. കമ്മിഷൻ അംഗങ്ങളായ ഡോ. എഫ്. വിൽസൺ, ബി.മോഹൻ കുമാർ, സുനന്ദ എൻ, സിസിലി ജോസഫ്, ജലജമോൾ റ്റി.സി. എന്നിവർ ചർച്ചകളിൽ മോഡറേറ്റർമാരായി. കുട്ടികളുടെ ആശയങ്ങളും കാഴ്ചപ്പാടുകളും പ്രകടിപ്പിക്കാനുള്ള സവിശേഷ വേദിയായാണ് ശിൽപ്പശാല സംഘടിപ്പിക്കുന്നത്.

പ്രത്യേക വിഷയങ്ങളിൽ ഗ്രൂപ്പ് ചർച്ചകൾ, പാനൽ ചർച്ചകൾ, ആശയ ശേഖരണം, ഓപ്പൺ ഫോറം തുടങ്ങിയവ ദ്വിദിന കോൺക്ലേവിന്റെ ഭാഗമാകും. അതിലൂടെ നയരൂപീകരണത്തിൽ കുട്ടികളുടെ നേരിട്ടുള്ള പങ്കാളിത്തം ഉറപ്പുവരുത്തുകയാണ് കമ്മിഷന്റെ ലക്ഷ്യം.

## മ്യൂസിയം ശില്പശാല ഉദ്ഘാടനം ഫെബ്രുവരി 5 ന്

സംസ്ഥാന സർക്കാരിന്റെ മ്യൂസിയം നോഡൽ ഏജൻസിയായ കേരളം മ്യൂസിയത്തിന്റെ ആഭിമുഖ്യത്തിൽ മ്യൂസിയം പ്രവർത്തകർക്കായി 5 ന് വൈലോപ്പിള്ളി സംസ്കൃതി ഭവനിൽ ശില്പശാല നടക്കും. ഉദ്ഘാടനം ഉച്ചയ്ക്ക് 12 ന് മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി നിർവഹിക്കും. വി കെ പ്രശാന്ത് എംഎൽഎ അധ്യക്ഷത വഹിക്കും.

## മൂലമറ്റത്ത് മൃതദേഹം കണ്ടെത്തിയ സംഭവം കൊലപാതകം; ആറ് പേർ പിടിയിൽ

തൊടുപുഴ: മൂലമറ്റത്ത് തേക്കിൻ തോട്ടത്തിൽ പായിൽ പൊതിഞ്ഞ നിലയിൽ മൃതദേഹം കണ്ടെത്തിയ സംഭവം കൊലപാതകമെന്ന് പോലീസ്. കോട്ടയം ജില്ലയിലെ മേലുകാവ് സ്വദേശി സാജൻ സാമുവൽ ആണ് മരിച്ചത്.

സംഭവത്തിൽ ആറ് പേരെ പോലീസ് കസ്റ്റഡിയിലെടുത്തു. കൊലപാതകത്തിൽ നേരിട്ട് പങ്കുള്ളവരാണ് പിടിയിലായത്. ഇനി രണ്ട് പേർ കൂടി പിടിയിലാകാനുണ്ടെന്നാണ് വിവരം.

ഓട്ടോറിക്ഷയിലാണ് മൃതദേഹം ഉപേക്ഷിക്കാൻ കൊണ്ടുപോയത്. സംശയം തോന്നിയ ഡ്രൈവർ കാഞ്ഞാർ എസ്ഐക്ക് വിവരം നൽകുകയായിരുന്നു.

തേക്കൻകൂപ്പിൽ നിന്ന് ദുർഗന്ധം വമിക്കുന്നത് ശ്രദ്ധയിൽപ്പെട്ട നാട്ടുകാരാണ് ആദ്യം പോലീസിനെ

വിവരമറിയിച്ചത്. തുടർന്ന് സ്ഥലത്തെത്തി നടത്തിയ പരിശോധനയിലാണ് പ്ലാസ്റ്റിക് പായിൽ പൊതിഞ്ഞ നിലയിൽ മൃതദേഹം കണ്ടെത്തിയത്. മൃതദേഹത്തിന് മൂന്നുദിവസത്തിലേറെ പഴക്കമുണ്ടായിരുന്നു. ക്രിമിനൽ സംഘങ്ങൾ തമ്മിലുള്ള വൈരാഗ്യത്തിന്റെ ഭാഗമാണോ കൊലപാതകമെന്നും പോലീസ് സംശയിക്കുന്നുണ്ട്.

## ബമ്പർ വിജയികളെ നാളെ അറിയാം

സംസ്ഥാന സർക്കാരിന്റെ ക്രിസ്തുമസ് - നവവത്സര ബമ്പർ ഭാഗ്യക്കുറിയുടെ വിജയികളെ നാളെ (ഫെബ്രുവരി 5 ) അറിയാം. ഉച്ചതിരിഞ്ഞ് രണ്ടു മണിയ്ക്കാണ് നറുക്കെടുപ്പ്. 20 കോടി രൂപയാണ് ഒന്നാം സമ്മാനം. നറുക്കെടുപ്പിലൂടെ 21 പേർ കൂടി കോടീശ്വരൻമാരാകും. രണ്ടാം സമ്മാനമായി ഓരോ കോടി രൂപ വീതം 20 പേർക്ക് ലഭിക്കും.നറുക്കെടുപ്പിനു മണിക്കൂറുകൾ മാത്രം ബാക്കിനിൽക്കെ വില്പന കേന്ദ്രങ്ങളിലെല്ലാം ബമ്പർ ടിക്കറ്റു വില്പന തകൃതിയായി നടക്കുകയാണ്. ആകെ 50,000,00 ടിക്കറ്റുകൾ വില്പനയ്ക്കെത്തിയതിൽ തിങ്കളാഴ്ച (ഫെബ്രുവരി 3 ) ഉച്ചയ്ക്ക് ഒരു മണി വരെ 45,34,650 ടിക്കറ്റുകൾ വിറ്റഴിച്ചിട്ടുണ്ട്. നറുക്കെടുപ്പ് സമയത്തോടടുക്കും തോറും ടിക്കറ്റു വില്പനയ്ക്കു വേഗത കൈവരിച്ചു.

8,87,140 ടിക്കറ്റുകൾ വിറ്റ് പാലക്കാട് ജില്ല ഒന്നാമതും 5,33,200 ടിക്കറ്റുകൾ വിറ്റഴിച്ച് തിരുവനന്തപുരം ജില്ല രണ്ടാമതും 4,97,320 ടിക്കറ്റുകൾ വിറ്റ് തൃശൂർ ജില്ല നിലവിൽ മൂന്നാം സ്ഥാനത്തുമാണ്. മറ്റു ജില്ലകളിലും ടിക്കറ്റു വില്പന ഗണ്യമായി വർധിച്ചിട്ടുണ്ട്. 400 രൂപയാണ് ക്രിസ്തുമസ് - നവവത്സര ബമ്പർ ടിക്കറ്റിന്റെ വില.

# ജനുവരി മാസത്തെ റേഷൻ വിതരണം ഫെബ്രുവരി 5 വരെ നീട്ടി

സംസ്ഥാനത്തെ ജനുവരി മാസത്തെ റേഷൻ വിതരണം ഫെബ്രുവരി 5 വരെ നീട്ടിയതായി ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി ആർ അനിൽ അറിയിച്ചു. ഫെബ്രുവരി 6-ാം തീയതി മാസാന്ത്യ കണക്കെടുപ്പുമായി ബന്ധപ്പെട്ട് റേഷൻ വ്യാപാരികൾക്ക് അവധി ആയിരിക്കുന്നതും 7 മുതൽ ഫെബ്രുവരി മാസത്തെ റേഷൻ വിതരണം ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു. സംസ്ഥാനത്ത് ഇന്ന് (ഫെബ്രുവരി 3) വൈകിട്ട് 5.15 വരെ 77.96 ശതമാനം കാർഡ് ഉടമകൾ റേഷൻ കൈപ്പറ്റിയിട്ടുണ്ട്. ഇന്ന് മാത്രം 1,67,570 കാർഡ് ഉടമകൾ റേഷൻ കൈപ്പറ്റിയിട്ടുണ്ട്. സംസ്ഥാനത്തെ മുൻഗണനാ വിഭാഗത്തിൽപ്പെട്ട എ.എ.വൈ കാർഡുകാരിൽ 95.61 ശതമാനവും പി.എച്ച്.എച്ച് വിഭാഗത്തിൽ 91.37 ശതമാവും റേഷൻ കൈപ്പറ്റിയിട്ടുണ്ട്. ഗതാഗത കരാറുകാരുടെ പണിമുടക്ക് കാരണം ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണം പൂർത്തീകരിക്കുന്നതിൽ കാലതാമസമുണ്ടായിരുന്നു. എന്നാൽ കഴിഞ്ഞ 9 ദിവസമായി വാതിൽപ്പടി വിതരണം പരമാവധി വേഗതയിൽ നടന്നു വരികയാണ്.

എന്നാൽ, സംസ്ഥാനത്തെ ചില റേഷൻ കടകളിൽ മുഴുവൻ കാർഡുകാർക്കും വിതരണം ചെയ്യുന്നതിന് ആവശ്യമായ ഭക്ഷ്യധാന്യങ്ങൾ എത്തിയിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്നും ഈ സാഹചര്യത്തിലാണ് ജനുവരി മാസത്തെ റേഷൻ വിതരണം ഫെബ്രുവരി 5 വരെ ദീർഘിപ്പിച്ചതെന്നും മന്ത്രി അറിയിച്ചു.ചില എൻ.എഫ്.എസ്.എ ഗോഡൗണുകളിലെ കയറ്റിറക്ക് ജീവനക്കാരുടെ ഭാഗത്തുനിന്നും വേണ്ടത്ര സഹകരണം ലഭിക്കാത്തത് വാതിൽപ്പടി വിതരണം സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് തടസമായിട്ടുണ്ട്. ജനങ്ങൾക്കുള്ള റേഷൻ ഭക്ഷ്യധാന്യങ്ങൾ സമയബന്ധിതമായി എത്തിക്കാനുള്ള ചുമതല സർക്കാരിനെ പോലെ തന്നെ ഈ മേഖലയിൽ പ്രവർത്തിക്കുന്ന കയറ്റിറക്ക് ജീവനക്കാർക്കും വിവിധ തൊഴിലാളി സംഘടനകൾക്കും ഉണ്ടെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനത്തെ റേഷൻ വിതരണം സുഗമമായി നടത്തുന്നതിന് ഈ മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാവരുടെയും സഹകരണം ഉണ്ടാകണമെന്നും മന്ത്രി കൂട്ടിച്ചേർത്തു.

# അങ്കണവാടിയിൽ ഉപ്പുമാവിന് പകരം ബിരിയാണി വേണം: ശങ്കുവിന്റെ ആവശ്യം മന്ത്രിയുടെ അടുത്തെത്തി

### അങ്കണവാടിയിലെ ഭക്ഷണ മെനു പരിഷ്ക്കരിക്കുമെന്ന് മന്ത്രി വീണാ ജോർജ്

അങ്കണവാടിയിൽ ഉപ്പുമാവിന് പകരം ബിരിയാണിയും പൊരിച്ച കോഴിയും വേണമെന്ന ആവശ്യവുമായി എത്തിയ കുഞ്ഞിന്റെ വിഡിയോയിൽ ഇടപെട്ട് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ശങ്കുവിന്റെ ആവശ്യം പരിഗണിച്ചുകൊണ്ട് അങ്കണവാടിയിലെ ഭക്ഷണ മെനു പരിഷ്കരിക്കുമെന്ന് മന്ത്രി വീണാ ജോർജ് പറഞ്ഞു. ആ മകൻ വളരെ നിഷ്കളങ്കമായിട്ട് പറഞ്ഞ ആവശ്യം ഉൾക്കൊള്ളുകയാണ്.കുട്ടികൾക്ക് പോഷകാഹാരം ഉറപ്പ് വരുത്താനായി വിവിധ തരം ഭക്ഷണങ്ങൾ അങ്കണവാടി വഴി നൽകുന്നുണ്ട്. ഈ സർക്കാരിന്റെ കാലത്ത് അങ്കണവാടി വഴി മുട്ടയും പാലും നൽകുന്ന പദ്ധതി നടപ്പിലാക്കി. അത് വിജയകരമായി നടക്കുന്നുണ്ട്. വനിത ശിശുവികസന വകുപ്പിന്റെ ഏകോപനത്തിൽ തദ്ദേശ സ്ഥാപനങ്ങൾ സ്വന്തം നിലയിൽ അങ്കണവാടികളിൽ പലതരം ഭക്ഷണങ്ങൾ നൽകുന്നുണ്ട്. ശങ്കുവിന്റെ അഭിപ്രായം പരിഗണിച്ച് ഭക്ഷണ മെനു പരിശോധിക്കുമെന്ന് മന്ത്രി വ്യക്തമാക്കി. ശങ്കുവിനും അമ്മയ്ക്കും അങ്കണവാടി ജീവനക്കാർക്കും മന്ത്രി സ്നേഹാഭിവാദ്യങ്ങൾ അറിയിച്ചു.

## മുകേഷിനെതിരായ കേസിൽ അന്വേഷണം നടക്കട്ടെ; വേവലാതി വേണ്ടെന്ന് പി. കെ. ശ്രീമതി

കണ്ണൂർ: മുകേഷിനെതിരായ കുറ്റപത്രത്തിലെ വിശദാംശങ്ങൾ പുറത്തുവരട്ടെയെന്ന് സിപിഎം കേന്ദ്ര കമ്മിറ്റി അംഗം പി. കെ. ശ്രീമതി. കേസിൽ അന്വേഷണം നടക്കട്ടെ. ആർക്കും വേവലാതി വേണ്ടെന്ന് അവർ പ്രതികരിച്ചു.

കുറ്റം ചെയ്തെന്ന് ബോധ്യപ്പെടുന്നവരെ രക്ഷിക്കുന്ന നയസമീപനമല്ല കേരളത്തിലെ സർക്കാർ സ്വീകരിക്കുന്നത്. ഹേമാ കമ്മിറ്റിയുമായി ബന്ധപ്പെട്ട് ശക്തമായ നടപടിയാണ് സർക്കാർ സ്വീകരിച്ചതെന്നും അവർ പറഞ്ഞു.

കഴിഞ്ഞ ദിവസമാണ് മുകേഷ് എംഎൽഎക്കെതിരായ പീഡനപരാതിയിൽ പ്രത്യേക അന്വേഷണസംഘം കുറ്റപത്രം സമർപ്പിച്ചത്. മുകേഷിനെതിരെ ഡിജിറ്റൽ തെളിവുകൾ ഉണ്ടെന്ന് കുറ്റപത്രത്തിൽ പറയുന്നു. എറണാകുളം ജുഡീഷൽ മജിസ്ട്രേറ്റ് കോടതിയിലാണ് കുറ്റപത്രം സമർപ്പിച്ചത്.

മുകേഷ് പരാതിക്കാരിയുമായി നടത്തിയ വാട്സ്ആപ്പ് ചാറ്റുകളും, ഇമെയിൽ സന്ദേശങ്ങളും തെളിവുകളായി ലഭിച്ചിട്ടുണ്ട്. കൂടാതെ സാഹചര്യ തെളിവുകളും സാക്ഷിമൊഴികളും ലഭിച്ചിട്ടുണ്ടെന്നും എസ്ഐടി വ്യക്തമാക്കി.

പീഡനത്തിന് പുറമേ ലൈംഗികാതിക്രമത്തിന്റെ വകുപ്പും മുകേഷിനെതിരെ ചുമത്തിയിട്ടുണ്ട്. താരസംഘടനയായ അമ്മയിൽ അംഗത്വം വാഗ്ദാനം ചെയ്ത് പീഡിപ്പിച്ചെന്നായിരുന്നു മുകേഷിനെതിരായ പരാതി. ആലുവ സ്വദേശിയായ നടിയുടെ പരാതിയിൽ മുകേഷിനെതിരെ മരട് പോലീസ് കേസെടുക്കുകയായിരുന്നു.

# ബ്രഹ്മപുരത്ത് സി.ബി.ജി പ്ലാന്റ് മാർച്ച് അവസാനത്തോടെ യാഥാർത്ഥ്യമാകും: മന്ത്രി എം.ബി രാജേഷ്

### മാസങ്ങൾക്കകം കേരളത്തിലെ എല്ലാ മാലിന്യക്കൂനകളും ഇല്ലാതാകും

ബ്രഹ്മപുരത്ത് സി.ബി.ജി (കംപ്രസ്ഡ് ബയോ ഗ്യാസ്) പ്ലാന്റ് മാർച്ച് അവസാനത്തോടെ യാഥാർത്ഥ്യമാകുമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി എം.ബി രാജേഷ്. ബ്രഹ്മപുരം മാലിന്യസംസ്കരണ കേന്ദ്രം സന്ദർശിച്ച ശേഷം നടത്തിയ വാർത്താസമ്മേളനത്തിലാണ് മന്ത്രി ഇക്കാര്യം അറിയിച്ചത്.

റെക്കോർഡ് വേഗത്തിലാണ് ബി.പി.സി.എല്ലിന്റെ നേതൃത്വത്തിൽ പ്ലാന്റിന്റെ നിർമ്മാണം പുരോഗമിക്കുന്നത്. പ്രതിദിനം 150 ടൺ മാലിന്യം സംസ്കരിച്ച് 15 ടൺ ബയോഗ്യാസ് ഉത്പാദിപ്പിക്കാൻ ശേഷിയുള്ള പ്ലാന്റാണ് ഇത്. പ്ലാന്റിൽ ഉത്പാദിപ്പിക്കുന്ന ഗ്യാസ് പൈപ്പ് ലൈനിലൂടെ റിഫൈനറിയിൽ എത്തിച്ച് ഉപയോഗിക്കും. കൊച്ചിയിലെ പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാകുന്നതിനൊപ്പം തിരുവനന്തപുരത്തും കോഴിക്കോടും പുതിയ പ്ലാന്റുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും. ബി.പി.സി.എൽ തന്നെയാണ് നിർമ്മാണത്തിന് നേതൃത്വം നൽകുക. കൂടാതെ കണ്ണൂർ, കൊല്ലം, ചങ്ങനാശേരി ഉൾപ്പെടെയുള്ള സ്ഥലങ്ങളിലും ചർച്ചകൾ പുരോഗമിക്കുകയാണ്.

ബ്രഹ്മപുരം അപകടത്തെ മാലിന്യമുക്ത നവകേരള സൃഷ്ടിക്കുള്ള അവസരമായാണ് സർക്കാർ കണ്ടത്. 2023 ലെ അപകട ശേഷം ബ്രഹ്മപുരത്തെ ഒരു പൂങ്കാവനമാക്കി മാറ്റും എന്ന് ഉറപ്പു നൽകിയിരുന്നു. അന്നതിനെ പരിഹസിച്ചവർ ഉണ്ട്. എന്നാൽ കൊച്ചിക്ക് സർക്കാർ നൽകിയ വാക്ക് പാലിക്കുകയാണ്.

ബ്രഹ്മപുരത്തെ മാലിന്യമലകൾ ഓരോന്നായി ഇല്ലാതാവുകയാണ്. ബ്രഹ്മപുരത്ത് പതിറ്റാണ്ടുകളായി കുന്നുകൂടിക്കിടന്ന മാലിന്യമാണ് ബയോ മൈനിംഗിലൂടെ നീക്കം ചെയ്യുന്നത്. ബയോമൈനിംഗ് 75 ശതമാനം പൂർത്തിയായി. ആകെ കണക്കാക്കിയ 8,43,000 ടൺ മാലിന്യത്തിൽ 6,08,325 ടൺ മാലിന്യം ബയോ മൈനിംഗിലൂടെ നീക്കി. ഇങ്ങനെ 18 ഏക്കർ സ്ഥലം വീണ്ടെടുക്കാനും കഴിഞ്ഞു. ആകെയുള്ള 39 ഏക്കർ സ്ഥലത്തിന്റെ 46 ശതമാനമാണിത്. മാലിന്യം നീക്കം ചെയ്ത പ്രദേശത്താണ് സി.ബി.ജി പ്ലാന്റ് ഒരുങ്ങുന്നതും.

സംസ്ഥാന സർക്കാരിന്റെ നിർദേശപ്രകാരം കേരള ഖര മാലിന്യ പരിപാലന പദ്ധതിയും ശുചിത്വമിഷനും ചേർന്ന് തയ്യാറാക്കിയ 706.55 കോടിയുടെ പദ്ധതിക്ക് കൊച്ചി കോർപറേഷൻ കൗൺസിൽ കഴിഞ്ഞ ദിവസം അംഗീകാരം നൽകി. ബയോമൈനിംഗിലൂടെ വീണ്ടെടുത്ത പ്രദേശത്താകും മാസ്റ്റർ പ്ലാൻ നടപ്പാക്കുക.

കൊച്ചിയിലെ ബ്രഹ്മപുരം, തൃശൂരിലെ ലാലൂർ, കോഴിക്കോട്ടെ ഞെളിയൻപറമ്പ്, കൊല്ലത്തെ കുരീപ്പുഴ ചണ്ടിഡിപ്പോ, ഗുരുവായൂരിലെ ശവക്കോട്ട തുടങ്ങി മാലിന്യക്കൂനകളായി അറിയപ്പെട്ടിരുന്ന സ്ഥലങ്ങൾക്ക് പുതിയ മുഖം നൽകാൻ സർക്കാരിന് കഴിഞ്ഞു. കേരളത്തിലെ 59 മാലിന്യക്കൂനകളിൽ 24ഉം പൂർണമായി വൃത്തിയാക്കി സ്ഥലം വീണ്ടെടുക്കാൻ കഴിഞ്ഞു. ബ്രഹ്മപുരം ഉൾപ്പെടെ 10 സ്ഥലങ്ങളിൽ ഈ പ്രവൃത്തി അവസാനഘട്ടത്തിലാണ്. 25 സ്ഥലങ്ങളിൽ പ്രവൃത്തി ആരംഭിച്ചിരിക്കുന്നു. ഏതാനും മാസങ്ങൾക്കുള്ളിൽ തന്നെ മാലിന്യക്കൂനകളില്ലാത്ത കേരളമെന്ന ലക്ഷ്യം കൈവരിക്കാൻ സാധിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

ബ്രഹ്മപുരം തീപിടുത്തത്തിന് പിന്നാലെയാണ് 'മാലിന്യമുക്തം നവകേരളം' ക്യാമ്പയിൻ സർക്കാർ ഏറ്റെടുത്തത്. നാടാകെ ഇതിനൊപ്പം അണിനിരക്കുകയും, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ എല്ലാ വകുപ്പുകളും കൈകോർത്ത് ക്യാമ്പയിൻ അവസാനഘട്ടത്തിലേക്ക് കടക്കുകയാണ്. മാർച്ച് 30 ഓടെ മാലിന്യമുക്തം നവകേരളം ക്യാമ്പയിൻ ഫലപ്രാപ്തിയിലെത്തിക്കാൻ വിപുലമായ ശ്രമങ്ങളാണ് സർക്കാർ നടത്തുന്നത്.

സംസ്ഥാനത്തെ ആകെ മുന്നേറ്റത്തിനൊപ്പം കൊച്ചിയിലും മാലിന്യ സംസ്കരണത്തിൽ വലിയ പുരോഗതി കൈവരിക്കാൻ കഴിഞ്ഞു. മാലിന്യം വലിച്ചെറിയുക, ബ്രഹ്മപുരത്ത് തള്ളുക എന്ന മനോഭാവത്തിൽ നിന്ന് ശാസ്ത്രീയ മാലിന്യ സംസ്കരണത്തിലേക്ക് കൊച്ചി മാറിവരുന്നു. ഡോർ ടു ഡോർ കളക്ഷൻ 93.62 ശതമാനത്തിലേക്ക് ഉയർന്നു. 2023 മാർച്ചിൽ വെറും രണ്ട് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികൾ ഉണ്ടായിരുന്നത് 2025 ൽ 60 ആയി ഉയർന്നു. 2120 പരിശോധനകൾ നടത്തുകയും 13,962941 രൂപ പിഴ ഈടാക്കുകയും ചെയ്തു.